2026
JANUARY
16
FRIDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper




# ദേശീയ പെൻഷൻ പദ്ധതി പേഔട്ട്

# ചട്ടക്കൂട് രൂപീകരിക്കാൻ വിദഗ്ധ സമിതി

**ന്യൂഡൽഹി:** ദേശീയ പെൻഷൻ പദ്ധതിക്ക് കീഴിൽ നിശ്ചിത പേഔട്ടുകൾ നൽകുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും ചട്ടങ്ങളും രൂപീകരിക്കുന്നതിനായി പെൻഷൻ ഫണ്ട് റെഗുലേറ്ററി ആൻഡ് ഡെവലപ്മെന്റ് അതോറിറ്റി (PFRDA) 15 അംഗ ഉന്നതതല സമിതി രൂപീകരിച്ചു. PFRDA നിയമത്തിലെ വ്യവസ്ഥകൾക്ക് അനുസൃതമായ ഈ നീക്കം, വരിക്കാരുടെ വിരമിക്കൽ കാലത്തെ വരുമാന സുരക്ഷ വർദ്ധിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. ഓരോ പൗരനും അവരുടെ വിശ്രമകാലത്ത് യഥാർത്ഥ സാമ്പത്തിക സ്വാതന്ത്ര്യവും അന്തസ്സും കൈവരിക്കുന്ന 'വികസിത ഭാരതം 2047' എന്ന വിശാലമായ ദർശനത്തിലേക്കുള്ള PFRDA യുടെ സുപ്രധാന ചുവടുവെയ്പ്പാണ് സമിതിയുടെ രൂപീകരണം.

റെഗുലേറ്ററി ചേമ്പേഴ്സിന്റെ സ്ഥാപകനും ഇൻസോൾവൻസി ആൻഡ് ബാങ്ക്റപ്റ്റസി ബോർഡ് ഓഫ് ഇന്ത്യയുടെ (IBBI) മുൻ ചെയർപേഴ്സണുമായ ഡോ. എം. എസ്. സാഹൂ ആയിരിക്കും സമിതിയുടെ അധ്യക്ഷൻ. നിയമം, ധനകാര്യം, ഇൻഷുറൻസ്, മൂലധന വിപണി, അക്കാദമിക് തുടങ്ങിയ വിവിധ മേഖലകളിൽ നിന്നുള്ള വിദഗ്ധർ ഉൾപ്പെടുന്നതാണ് 15 അംഗ സമിതി. കൂടാതെ, സമഗ്രമായ ചർച്ചകൾ ഉറപ്പാക്കുന്നതിനായി, അഭിപ്രായങ്ങൾക്കും കൂടിയാലോചനകൾക്കുമായി പുറത്തുനിന്നുള്ള വിദഗ്ധരേയോ ഇടനിലക്കാരേയോ പ്രത്യേക ക്ഷണിതാക്കളായി ഉൾപ്പെടുത്താൻ സമിതിക്ക് അധികാരം നൽകിയിട്ടുണ്ട്. ഘടനാപരമായ പെൻഷൻ പേഔട്ടുകളെക്കുറിച്ചുള്ള സ്ഥിരം ഉപദേശക സമിതിയായായാണ് ഇത് രൂപീകരിച്ചിരിക്കുന്നത്. 2025 സെപ്റ്റംബർ 30ലെ PFRDA കൺസൾട്ടേഷൻ പേപ്പറിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള പെൻഷൻ പദ്ധതികളെക്കുറിച്ച് പഠിക്കുന്നത് ഉൾപ്പെടെ, നിശ്ചിത പേഔട്ടുകൾക്കായി ചട്ടങ്ങൾ നിർമ്മിക്കുക, വരിക്കാർ തങ്ങളുടെ നിക്ഷേപ കാലയളവിൽ നിന്നും പെൻഷൻ ലഭിക്കുന്ന കാലയളവിലേക്ക് മാറുന്ന പ്രക്രിയ സുഗമമാണെന്ന് ഉറപ്പാക്കുക. നിശ്ചിത വരുമാന ഗ്യാരണ്ടികൾ നിയമപരമായി നടപ്പിലാക്കാവുന്നതും വിപണി അധിഷ്ഠിതവുമാണെന്ന് ഉറപ്പാക്കുന്നതിന് നോവേഷൻ, സെറ്റിൽമെന്റ് എന്നീ ആശയങ്ങളെക്കുറിച്ച് വിശദമായ ചർച്ചകൾ നടത്തുക, സേവനദാതാക്കൾക്കായി ലോക്ക് ഇൻ കാലയളവുകൾ, പണം പിൻവലിക്കാനുള്ള പരിധികൾ, വിലനിർണ്ണയ സംവിധാനങ്ങൾ, ഫീസ് ഘടനകൾ എന്നിവ നിശ്ചയിക്കുക, ശക്തമായ റിസ്ക് മാനേജ്മെന്റ് (മൂലധനവും സോൾവൻസി ആവശ്യകതകളും) സ്ഥാപിക്കുക, NPS ഘടനയിൽ നിന്ന് പുറത്തുകടക്കാതെ തന്നെ വരിക്കാർക്ക് ലഭിക്കുന്ന പേഔട്ടുകളുടെ നികുതി സംബന്ധമായ കാര്യങ്ങൾ പരിശോധിക്കുക, പദ്ധതികളെക്കുറിച്ചുള്ള വിവരങ്ങൾ തെറ്റിദ്ധരിപ്പിച്ച് നൽകി വിൽക്കുന്നത് തടയുന്നതിനും, ഉറപ്പായ വരുമാനത്തിന്റേയും വിപണി അധിഷ്ഠിത ഗ്യാരണ്ടിയുടേയും സ്വഭാവത്തെക്കുറിച്ച് വരിക്കാർക്കുള്ള പ്രതീക്ഷകൾ കൃത്യമായി നിയന്ത്രിക്കുന്നതിനും വേണ്ടി മാനദണ്ഡങ്ങളോട് കൂടിയ വെളിപ്പെടുത്തൽ ചട്ടക്കൂടുകൾ വികസിപ്പിക്കുക തുടങ്ങിയവയാണ് ചുമതലകൾ.



## ഇറാൻ വ്യോമപാത അടച്ചു; ഇന്ത്യയിൽ നിന്നുള്ള വിമാനങ്ങൾ വഴിതിരിച്ചുവിടുന്നു

**ദുബായ്/ന്യൂഡൽഹി:** ഇറാനിൽ ആഭ്യന്തര സംഘർഷം രൂക്ഷമായതിനെത്തുടർന്ന് വ്യോമപാത അടച്ചതോടെ ഇന്ത്യയിൽ നിന്നുള്ള വിദേശ വിമാന സർവീസുകൾ താളംതെറ്റുന്നു. ഗൾഫ് രാജ്യങ്ങളിലേക്കും യൂറോപ്പിലേക്കും പോകുന്ന വിമാനങ്ങളെയാണ് ഈ പ്രതിസന്ധി പ്രധാനമായും ബാധിക്കുന്നത്. സുരക്ഷാ മുൻകരുതലിന്റെ ഭാഗമായി ഇറാൻ വഴി പറക്കേണ്ട വിമാനങ്ങൾ മറ്റിടങ്ങളിലൂടെ വഴിതിരിച്ചുവിടാൻ നിർബന്ധിതരായതോടെ വിമാനയാത്രക്കാർക്ക് മണിക്കൂറുകളോളം അധികയാത്രയും കാലതാമസവും നേരിടേണ്ടി വരും.

എയർ ഇന്ത്യ, ഇൻഡിഗോ, സ്പൈസ് ജെറ്റ് തുടങ്ങിയ പ്രമുഖ വിമാനക്കമ്പനികൾ ഇതിനോടകം തന്നെ യാത്രക്കാർക്ക് ജാഗ്രതാ നിർദ്ദേശം നൽകിയിട്ടുണ്ട്. ഇറാൻ വ്യോമപാതയ്ക്ക് പകരം ബദൽ വഴികൾ തേടുന്നത് വിമാനങ്ങൾ വൈകാൻ കാരണമാകുമെന്ന് എയർ ഇന്ത്യ അറിയിച്ചു. വഴിതിരിച്ചുവിടാൻ സാധിക്കാത്ത ചില സർവീസുകൾ റദ്ദാക്കാനും സാധ്യതയുണ്ട്. യാത്രക്കാർ വിമാനത്താവളത്തിലേക്ക് പുറപ്പെടുന്നതിന് മുൻപായി വിമാനത്തിന്റെ നിലവിലെ സ്ഥിതി പരിശോധിക്കണമെന്ന് അധികൃതർ അഭ്യർഥിച്ചു.


യാത്രക്കാർക്ക് തിരിച്ചടി പ്രവാസികൾ ഏറെ ആശ്രയിക്കുന്ന ഇൻഡിഗോ വിമാനങ്ങളും പ്രതിസന്ധിയിലാണ്. യാത്രക്കാരുടെ ബുദ്ധിമുട്ട് കുറയ്ക്കാൻ റീബുക്കിങ് ഓപ്ഷനുകളും റീഫണ്ട് സൗകര്യവും നൽകുമെന്ന് ഇൻഡിഗോ അറിയിച്ചിട്ടുണ്ടെങ്കിലും, അവധി കഴിഞ്ഞ് ജോലിസ്ഥലത്തേക്ക് മടങ്ങാനിരിക്കുന്ന ഗൾഫ് പ്രവാസികൾക്ക് ഈ അനിശ്ചിതത്വം വലിയ ആശങ്കയാണ് സമ്മാനിക്കുന്നത്.

ഇറാനിലുള്ള ഇന്ത്യൻ പൗരന്മാർക്കും സന്ദർശകർക്കും വിദേശകാര്യ മന്ത്രാലയം കർശന ജാഗ്രതാ നിർദ്ദേശം നൽകി. അനാവശ്യ യാത്രകൾ ഒഴിവാക്കാനും പ്രതിഷേധ സ്ഥലങ്ങളിൽ നിന്ന് വിട്ടുനിൽക്കാനും നിർദ്ദേശമുണ്ട്. ഇറാനിൽ താമസിക്കുന്ന ഇന്ത്യക്കാർ തങ്ങളുടെ വിവരങ്ങൾ എംബസിയിൽ റജിസ്റ്റർ ചെയ്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണം. അടിയന്തര സാഹചര്യങ്ങളിൽ സഹായം ലഭ്യമാക്കാൻ ഇത് അത്യാവശ്യമാണെന്ന് ടെഹ്റാനിലെ ഇന്ത്യൻ എംബസി അറിയിച്ചു. യുദ്ധസമാനമായ സാഹചര്യം തുടരുന്നത് രാജ്യാന്തര വിമാന നിരക്കുകൾ ഉയരാനും വരും ദിവസങ്ങളിൽ കൂടുതൽ സർവീസുകൾ മുടങ്ങാനും കാരണമായേക്കുമെന്നാണ് ഈ മേഖലയിലുള്ളവരുടെ വിലയിരുത്തൽ.

## 'എംഎസ് ഹെയ്ൻസ്' എച്ച്എസ് ഷിഫാർട്ട്സിന് കൈമാറി

**കൊച്ചി:** എച്ച്എസ് ഇക്കോ ഫ്രൈറ്റർ ശ്രേണിയിലെ വിവിധോദ്ദേശ്യ കപ്പലുകളിൽ (എംപിവി) ആദ്യത്തേതായ 'എംഎസ് ഹെയ്ൻസ്' ജർമ്മനിയിലെ എച്ച്എസ് ഷിഫാർട്ട്സ് യുജി (ഹാഫ്തുങ്സ്ബെഷ്രാങ്ക്റ്റ്) ആൻഡ് കമ്പനിക്ക് കൊച്ചിൻ ഷിപ്പ്യാർഡ് കൈമാറി. കൊച്ചിൻ ഷിപ്പ്യാർഡ് ലിമിറ്റഡ് ഡയറക്ടർ (ഓപ്പറേഷൻസ്) ഡോ. എസ്. ഹരികൃഷ്ണനും എച്ച്എസ് ഷിഫാർട്ട്സ് യുജി (ഹാഫ്തുങ്സ്ബെഷ്രാങ്ക്റ്റ്) ആന്റ് കമ്പനി ആൻഡ് കെജി ഡയറക്ടർ ഹെയ്ൻസ് ജോസഫ് സ്കെപ്പേഴ്സും തമ്മിൽ കൈമാറ്റ പത്രത്തിൽ ഒപ്പുവച്ചു.

നെതർലൻഡ്സിലെ ഗ്രൂട്ട് ഷിപ്പ് ഡിസൈൻ രൂപകൽപ്പന ചെയ്ത കപ്പൽ കൂടാതെ ഡിഎൻവിയുടെ ക്ലാസിഫിക്കേഷൻ ചട്ടങ്ങൾ പ്രകാരം കൊച്ചിൻ ഷിപ്പ്യാർഡിലാണ് ആണ് നിർമ്മാണം പൂർത്തിയാക്കിയത്. 7,000 ഡിഡബ്ല്യുടി ശേഷിയുള്ള എച്ച്എസ് ഇക്കോ ഫ്രൈറ്റർ മൾട്ടിപർപ്പസ് ഐസ്ക്ലാസ് കപ്പലാണ്. പ്രോജക്ട് കാർ



ഗോ, ഹെവി കാർഗോ, സ്റ്റീൽ കോയിലുകൾ, കണ്ടെയ്നറുകൾ, ഡ്രൈ ബൾക്ക് കാർഗോകൾ, അപകടകരമായ ചരക്കുകൾ എന്നിവയും ലോകമെമ്പാടുമുള്ള വ്യാപാരത്തിനായി വഹിക്കാൻ കെൽപ്പുള്ള കപ്പലാണിത്. "ഗ്രൂട്ട് ക്രോസ്ബൗ" രൂപകൽപന പ്രകാരം റേക്ക് ചെയ്ത സ്റ്റെമും ട്രാൻസം സ്റ്റെർണും ഇതിന്റെ സവിശേഷതകളാണ്. വേഗതയും ഇന്ധന കാര്യക്ഷമതയും വർധിപ്പിക്കുന്നതിന് അനുയോജമായ തരത്തിലാണ് കപ്പലിന്റെ രൂപകൽപ്പന.






സൊസൈറ്റി ടുഡേ SOCIETY TODAY

# ഇന്നത്തെ പരിപാടികൾ

## ഫോർട്ട് കൊച്ചി

### കൊച്ചി ബിനാലെ

- **ബാസ്റ്റ്യൻ ബംഗ്ലാവ്, എ.ബി.സി ആർട്ട് റൂം:** ഫോട്ടോഗ്രാഫി ശിൽപ്പശാല - രാവിലെ 10 മുതൽ

- **ബാസ്റ്റ്യൻ ബംഗ്ലാവ്, പവലിയൻ :** ചലിച്ചിത്ര പ്രദർശനം രാവിലെ 10.30 മുതൽ, സംഗീത പരിപാടി രാത്രി എട്ടു മണി മുതൽ

- **വാട്ടർ മെട്രോ സ്റ്റേഷൻ, എബിസി ആർട്ട് റൂം :** വൈക്കോൽ കൊണ്ടുള്ള നെയ്ത്ത് ശിൽപ്പശാല - രാവിലെ 10 മുതൽ

## കൊച്ചി

- **ക്രൗൺപ്ലാസ ഹോട്ടൽ :** എംടിഎച്ച് റോബോ സമ്മിറ്റിനോടനുബന്ധിച്ച് സർജറി റോബോട്ട് സജ്ജീകരിച്ച ബസ്സ് പൊതുജനങ്ങൾക്കായി പ്രദർശനം - രാവിലെ 9 മണിക്ക്.

## കാക്കനാട്

- **ജെയിൻ യൂണിവേഴ്സിറ്റി ക്യാമ്പസ്:** കൊച്ചി മാരത്തോൺ 2026 റോഡ്ഷോ ഫൽഗ് ഓഫ് - രാവിലെ 11.45 ന്

## അങ്കമാലി

- **അഡ്‌ലക്സ് ഇന്റർനാഷണൽ കൺവെൻഷൻ സെന്റർ :** ഇന്ത്യ ഇന്റർനാഷണൽ ഇൻഡസ്ട്രിയൽ എക്സ്പോയും വ്യവസായി മഹാസംഗമവും - ഉദ്ഘാടനം മന്ത്രി കെ. കൃഷ്ണൻ കുട്ടി - രാവിലെ 10.30ന്.

- **സിഎസ്എ ലൈബ്രറി ഹാൾ :** ലൈബ്രറി കൗൺസിൽ താലൂക്ക് സെമിനാർ - ഉദ്ഘാടനം ലൈബ്രറി കൗൺസിൽ സംസ്ഥാന പ്രസിഡന്റ് ഡോ ധർമരാജ് - പകൽ 3.30ന്.

- **അങ്കമാലി പഞ്ഞിക്കാരൻ ഹാൾ :** മാധവ് ഗാഡ്ഗിൽ അനുസ്മരണം - വൈകീട്ട് 6 മണിക്ക്.

- **അങ്കമാലി സെന്റ് മേരീസ് യാക്കോബായ സുറിയാനി കത്തീഡ്രൽ :** ശിലാസ്ഥാന പെരുന്നാൾ - രാവിലെ 7.30ന്.

## പറവൂർ

- **മാല്യങ്കര എസ്എൻഎം കോളജ് :** 60-ാം വാർഷികാഘോഷങ്ങളുടെ സമാപനസമ്മേളനം - പകൽ 11ന്.

# ആദരവുമായി പിആർസി ഐ

**കൊച്ചി:** പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ (പിആർസി ഐ) ഗവേണിംഗ് കൗൺസിൽ ചെയർമാനായി തിരഞ്ഞെടുക്കപ്പെട്ട ഡോ. ടി. വിനയകുമാർ, സീനിയർ വൈസ് പ്രസിഡന്റ് യു.എസ് കുട്ടി എന്നിവരെ പിആർസിഐ കൊച്ചിൻ ചാപ്റ്ററിന്റെ നേതൃത്വത്തിൽ ഇന്ന് ആദരിക്കും. എറണാകുളം ലോട്ടസ് ക്ലബ്ബിൽ വൈകിട്ട് ആറിന് നടക്കുന്ന സമ്മേളനം ടി.ജെ വിനോദ് എം.എൽ.എ ഉദ്ഘാടനം ചെയ്യും. കൊച്ചി ചാപ്റ്റർ ചെയർമാൻ ബാബു ജോസഫ് അധ്യക്ഷത വഹിക്കും. സെക്രട്ടറി മനോജ് മാനുവൽ, വൈസ് പ്രസിഡന്റ് എം. മായ, ജോയിന്റ് സെക്രട്ടറി ഷെറിൻ വിൽസൺ, ട്രഷറർ എൻ. നടേഷ് എന്നിവർ പ്രസംഗിക്കും. പബ്ലിക് റിലേഷൻസ് മേഖലയിലെ പ്രൊഫഷണലുകളുടെ ദേശീയ സംഘടനയാണ് പിആർസി ഐ.

# കൊച്ചിയിൽ മെഗാ ജോബ് ഫെയർ

**കൊച്ചി:** സ്വകാര്യ മേഖലയിലെ തൊഴിൽ അവസരങ്ങൾ ലക്ഷ്യമിട്ട് സമർഥനം ട്രസ്റ്റ് ഫോർ ദി ഡിസേബ്ല്ഡ് സംഘടിപ്പിക്കുന്ന മെഗാ ജോബ് ഫെയർ ജനുവരി 17ന് കൊച്ചിയിൽ നടക്കും. രാവിലെ 9 മണി മുതൽ 3 മണി വരെ എറണാകുളം എം.ഇ.എസ് കോളേജ് മാറമ്പള്ളി ക്യാമ്പസിൽ നടക്കുന്ന ജോബ് ഫെയറിൽ ഭിന്നശേഷിക്കാരായ യുവതീ,യുവാക്കൾക്ക് മുൻഗണന ഉണ്ടായിരിക്കുന്നതാണ്.എസ്എസ്എൽ.സി, പ്ലസ് ടു, ഡിപ്ലോമ, ഡിഗ്രി യോഗ്യതയുള്ള 18 മുതൽ 35 വയസ്സ് വരെയുള്ള ഉദ്യോഗാർത്ഥികൾക്ക് ജോബ് ഫെയറിൽ പങ്കെടുക്കാം. 20-ലധികം പ്രമുഖ കമ്പനികൾ പങ്കെടുക്കുന്ന ഫെയറിൽ വിവിധ മേഖലകളിലായി തൊഴിൽ അവസരങ്ങൾ ലഭ്യമാകും. രജിസ്ട്രേഷൻ സൗജന്യമാണ്. പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ ബയോഡാറ്റയുടെ അഞ്ച് പകർപ്പുകളുമായി നേരിട്ട് എത്തണം.കൂടുതൽ വിവരങ്ങൾക്ക് 6364867815, 6362511991 എന്നീ നമ്പറുകളിൽ ബന്ധപ്പെടാം.

## കേരള മീഡിയ അക്കാദമി: പരീക്ഷാഫലം പ്രസിദ്ധീകരിച്ചു

**കൊച്ചി:** കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ ഡിപ്ലോമ ഇൻ ന്യൂ മീഡിയ ആന്റ് ഡിജിറ്റൽ ജേർണലിസം 2025 ബാച്ചിന്റെ പരീക്ഷാഫലം പ്രസിദ്ധീകരിച്ചു. കാക്കനാട് ചെമ്പുമുക്ക് സ്വദേശി പി.യു നൗഷാദ് ഒന്നാം റാങ്കും മലപ്പുറം നല്ലംതണ്ണി തെച്ചിയോടൻ വീട്ടിൽ ഷാനവാസ് ടി. എച്ച് രണ്ടാം റാങ്കും തിരുവനന്തപുരം തിരുമല പാങ്ങോട് സായ്കൃഷ്ണയിൽ സന്ധ്യാ നവീൻ മൂന്നാം റാങ്കും നേടി.

# സന്തോഷ് ട്രോഫി ഫുട്ബോൾ: കേരള ടീം സജ്ജം; ജി.സഞ്ജു നയിക്കും



**കൊച്ചി:** സന്തോഷ് ട്രോഫി ദേശീയ ഫുട്ബോൾ ചാമ്പ്യൻഷിപ്പിന്റെ 79ാം പതിപ്പിൽ കേരള ടീം സജ്ജമായി എറണാകുളം സ്വദേശിയായ പ്രതിരോധ താരം ജി. സഞ്ജുവാണ് നായകൻ. കേരള പൊലീസ് താരമായ സഞ്ജുവിന്റെ തുടർച്ചയായ അഞ്ചാം സന്തോഷ് ട്രോഫിയാണിത്. കഴിഞ്ഞവർഷത്തെ കേരള ടീമിന്റെ നായകനും സഞ്ജുവായിരുന്നു. സൂപ്പർ ലീഗ് കേരളയിൽ മലപ്പുറം എഫ്.സിയുടെ പ്രതിരോധ താരവും സഞ്ജുവായിരുന്നു. പാലാരിവട്ടം റിനൈ ഹോട്ടലിൽ നടന്ന ചടങ്ങിൽ കേരള ഫുട്ബാൾ അസോസിയേഷൻ പ്രസിഡന്റ് നവാസ് മീരാനാണ് ടീമിനെ പ്രഖ്യാപിച്ചത്. 22 അംഗ ടീമിൽ 9 പേർ പുതുമുഖങ്ങളാണ്. നിലവിലെ റണ്ണർഅപ്പായ ടീമിലെ താരങ്ങൾക്കൊപ്പം എസ്.എൽ.കെയിലെ മികച്ച പ്രകടനം നടത്തിയ താരങ്ങളും ടീമിലുണ്ട്.

ദേശീയ ഗെയിംസിൽ കേരളത്തിന് സ്വർണം സമ്മാനിച്ച വയനാട് സ്വദേശി എം. ഷഫീഖ് ഹസനാണ് മുഖ്യ പരിശീലകൻ. മുൻ സന്തോഷ് ട്രോഫി താരം എബിൻ റോസാണ് സഹപരിശീലകൻ. മുൻ ഇന്ത്യൻ താരം കെ.ടി ചാക്കോ ഗോൾകീപ്പർ കോച്ച്, ഫിസിയോ അഹമ്മദ് നിഹാൽ റഷീദ്, വീഡിയോ അനലിസ്റ്റ് കിരൺ നാരായണൻ എന്നിവരാണ് മറ്റ് ഒഫീഷ്യൽസ്. ചടങ്ങിൽ ടീമിന്റെ പുതിയ ജഴ്സിയും തീം സോംഗും പുറത്തിറക്കി. ക്യൂട്ടി ദി ബ്യൂട്ടി സോപ്പ് ആണ് ടീമിന്റെ ടൈറ്റിൽ സ്പോൺസർ. ചടങ്ങിൽ ക്യൂട്ടി ദി ബ്യൂട്ടി സോപ്പ് ചെയർമാൻ ആൻഡ് മാനേജിംഗ് ഡയറക്ടർ ഡോ. കെ.പി. ഖാലിദ്, എക്സിക്യൂട്ടീവ് ഡയറക്ടർമാരായ ഇസ്മയിൽ ഖാലിദ്, ഇബ്രാഹിം ഖാലിദ്, കേരള ഫുട്ബാൾ അസോസിയേഷൻ ഹോണററി പ്രസിഡന്റ് ടോം ജോസ്, ട്രഷറർ റെജിനാൾഡ് വർഗീസ്, ജനറൽ സെക്രട്ടറി ഷാജി സി. കുര്യൻ, സ്കോർ ലൈൻ സ്പോർട്സ് പ്രൈവറ്റ് ലിമിറ്റഡ് ഡയറക്ടർ ഫിറോസ് മീരാൻ എന്നിവർ സംസാരിച്ചു.

**കേരള ടീം: ഗോൾകീപ്പർമാർ:** ടി.വി. അൽകേഷ് രാജ് (സെൻട്രൽ എക്സൈസ് തൃശൂർ), എസ്.ഹജ്മൽ (കെ.എസ്.ഇ.ബി പാലക്കാട്), എം. മുഹമ്മദ് ജസീൻ (മലപ്പുറം എഫ്.സി മലപ്പുറം).

**പ്രതിരോധനിര:** ജി. സഞ്ജു (കേരള പൊലീസ് എറണാകുളം), എം. മനോജ് (കാലിക്കറ്റ് എഫ്.സി തിരുവനന്തപുരം), അജയ് അലക്സ് (സെൻട്രൽ എക്സൈസ് എറണാകുളം), ബിബിൻ അജയൻ (തൃശൂർ മാജിക് എഫ്.സി എറണാകുളം), എസ്. സന്ദീപ് (കണ്ണൂർ വാരിയേഴ്സ് മലപ്പുറം), അബ്ദുൾ ബാദിഷ് (തിരുവനന്തപുരം കൊമ്പൻസ് മലപ്പുറം), തേജസ് കൃഷ്ണ (തൃശൂർ മാജിക് എഫ്.സി പാലക്കാട്).

**മധ്യനിര:** എം.എം. അർജുൻ (കണ്ണൂർ വാരിയേഴ്സ് എഫ്.സി തൃശൂർ), വി. അർജുൻ (കെ.എസ്.ഇ.ബി കോഴിക്കോട്), ഒ.എം. ആസിഫ് (കണ്ണൂർ വാരിയേഴ്സ് എറണാകുളം), എം. വിഘ്നേഷ് (കെ.എസ്.ഇ.ബി തിരുവനന്തപുരം), എൻ.എ. അബൂബക്കർ ദിൽഷാദ് (റിയൽ മലബാർ എഫ്.സി കാസർകോട്).

**മുന്നേറ്റനിര:** ടി. ഷിജിൻ (കണ്ണൂർ വാരിയേഴ്സ് തിരുവനന്തപുരം), മുഹമ്മദ് അജ്സൽ (കേരള ബ്ലാസ്റ്റേഴ്സ് കോഴിക്കോട്), ഇ. സജീഷ് (കേരള പൊലീസ് പാലക്കാട്), പി.ടി. മുഹമ്മദ് റിയാസ് (കാലിക്കറ്റ് എഫ്.സി പാലക്കാട്), എം.പി. മുഹമ്മദ് സിനാൻ (കണ്ണൂർ വാരിയേഴ്സ് പാലക്കാട്), ഇ. മുഹമ്മദ് ആഷിഖ് (കാലിക്കറ്റ് എഫ്.സി മലപ്പുറം), എൻ.എ. മുഹമ്മദ് അഷർ (തിരുവനന്തപുരം കൊമ്പൻസ് തൃശൂർ).

ഏഴ് തവണ ചാമ്പ്യന്മാരായ കേരളം കഴിഞ്ഞ തവണ ഒരു ഗോളിന് നഷ്ടമായ കിരീടം തിരിച്ചുപിടിക്കാനാണ് ഇത്തവണ അസമിലേക്ക് പുറപ്പെടുന്നത്. 21നാണ് സന്തോഷ് ട്രോഫി ഫൈനൽ റൗണ്ടിന്റെ കിക്കോഫ്. 22ന് മുൻ ചാമ്പ്യന്മാരായ പഞ്ചാബിനെതിരെയാണ് കേരളത്തിന്റെ ആദ്യ മത്സരം. അസമിലെ സിലാപത്തർ, ധകുഖാന സ്റ്റേഡിയങ്ങളിലായാണ് മത്സരങ്ങൾ. ടീം 19ന് കൊച്ചിയിൽ നിന്ന് പുറപ്പെടും.

# സ്ത്രീകൾ സാമൂഹിക മാറ്റത്തിന്റെ ചാലക ശക്തി: ഡോ. ടെസ്സി തോമസ്



**കൊച്ചി:** വിദ്യാഭ്യാസം ലോകത്തെ മാറ്റാൻ കഴിയുന്ന ഏറ്റവും ശക്തമായ ആയുധമാണെന്നും, ഈ ശക്തി സ്ത്രീകളുടെ കൈകളിലെത്തുമ്പോൾ അവർ സാമൂഹിക മാറ്റത്തിന്റെ ചാലക ശക്തിയാകുമെന്നും ശാസ്ത്രജ്ഞയും ഇന്ത്യയുടെ 'മിസൈൽ വനിതയുമായ ഡോ. ടെസ്സി തോമസ് പറഞ്ഞു. തേവര സേക്രഡ് ഹാർട്ട് കോളേജിൽ പെൺകുട്ടികൾക്ക് അഡ്മിഷൻ നൽകിയതിന്റെ അൻപതാം വാർഷികത്തോടനുബന്ധിച്ച് സംഘടിപ്പിച്ച 'ഹാർട്ടിയൻ വിമൺ കോൺക്ലേവ്-2026' ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു ഡോ. ടെസ്സി തോമസ്.

ജോലിയുടെ 60 ശതമാനം സ്ത്രീകളാണ് നിർവ്വഹിക്കുന്നത്. ലിംഗസമത്വത്തിലേക്ക് രാജ്യം മുന്നേറുന്നുണ്ടെങ്കിലും, ഉടമസ്ഥതയിൽ അവരുടെ പങ്ക് വെറും ഒരു ശതമാനവും ലോകവരുമാനത്തിൽ പത്ത് ശതമാനവും മാത്രമാണ്. എസ്. എച്ച് പോലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ സമൂഹത്തിൽ സൃഷ്ടിക്കുന്ന മാറ്റം ഇന്ന് വ്യക്തമായി കാണാനാകുന്നുണ്ടെന്നും ഡോ. ടെസ്സി തോമസ് കൂട്ടിച്ചേർത്തു. പബ്ലിക് റിലേഷൻസ് കൗൺസിൽ ഓഫ് ഇന്ത്യ യങ് കമ്മ്യൂണിക്കേറ്റേഴ്സ് ക്ലബ് എസ്. എച്ച്. ചാപ്റ്ററിന്റെ നേതൃത്വത്തിൽ ആരംഭിക്കുന്ന വിമൺ സ്റ്റാർട്ട്-അപ്പ് 'ഫിവാക് (FEWAC - Forum for the Empowerment of Women and Children)' എന്ന സംരംഭത്തിന്റെ ലോഗോ പ്രകാശനവും ഡോ. ടെസ്സി തോമസ് നിർവ്വഹിച്ചു.

1975 - 2025 കാലയളവിൽ കോളജിൽ പഠിച്ച് വിവിധ മേഖലകളിൽ വ്യക്തിമുദ്ര പതിപ്പിച്ച 50 പൂർവ വിദ്യാർത്ഥിനികളെ ചടങ്ങിൽ വേദിയിൽ ആദരിച്ചു.

കൊച്ചി മേയർ അഡ്വ. വി.കെ മിനിമോൾ ചടങ്ങിൽ മുഖ്യ അതിഥിയായിരുന്നു. എസ്. എച്ച് ഇൻസ്റ്റിറ്റ്യൂഷൻ മാനേജർ ഫാ. വർഗീസ് കാച്ചപ്പിള്ളി, കോളേജ് പ്രിൻസിപ്പൽ ഡോ. സി. എസ്. ബിജു, കോളേജ് സ്റ്റാഫ് സെക്രട്ടറി ഡോ. റോബി ചെറിയാൻ, വിമൺ കോൺക്ലേവ് കോർഡിനേറ്റർമാരായ ഡോ. ജിനു ജോർജ്, ഡോ. എസ്. സ്മിത എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

സൊസൈറ്റി ടുഡേ
SOCIETY TODAY

# 87 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി യാഥാർത്ഥ്യമായി

## സംസ്ഥാനത്ത് ആകെ 750 കുടുംബാരോഗ്യ കേന്ദ്രങ്ങൾ സജ്ജം

**തിരുവനന്തപുരം:** നവകേരളം കർമ്മ പദ്ധതി ആർദ്രം മിഷന്റെ ഭാഗമായി സംസ്ഥാനത്ത് 87 കുടുംബാരോഗ്യ കേന്ദ്രങ്ങൾ കൂടി നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായി പ്രവർത്തനസജ്ജമായതായി ആരോഗ്യ വകുപ്പ് മന്ത്രി വീണാ ജോർജ്. കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയും അധികമായി ജീവനക്കാരെ നിയമിച്ചും ഘട്ടം ഘട്ടമായാണ് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളായി ഉയർത്തുന്നത്. ഇതോടെ ആകെ 750 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയതെന്നും മന്ത്രി വ്യക്തമാക്കി.

ഈ സർക്കാരിന്റെ കാലത്ത് ആരോഗ്യ മേഖലയിൽ വലിയ വികസന പ്രവർത്തനങ്ങളാണ് നടത്തിയത്. 10,000 കോടിയിലധികം രൂപയുടെ വികസന പ്രവർത്തനങ്ങളാണ് നടന്നു വരുന്നത്. സമഗ്ര പ്രാഥമികാരോഗ്യ പരിരക്ഷ ഉറപ്പാക്കാനായി ഈ സർക്കാർ 5416 ജനകീയാരോഗ്യ കേന്ദ്രങ്ങൾ സ്ഥാപിച്ചു. ഇതുകൂടാതെ നഗര പ്രദേശങ്ങളിൽ 356 നഗര ജനകീയാരോഗ്യ കേന്ദ്രങ്ങൾ യാഥാർത്ഥ്യമാക്കി. ആർദ്രം മിഷന്റെ ഭാഗമായി 913 ആശുപത്രികളിൽ നിർമ്മാണം പൂർത്തിയാക്കി. 90 ആശുപത്രികളിൽ നിർമ്മാണം പുരോഗമിക്കുന്നു. 14 ജില്ലാ, ജനറൽ ആശുപത്രികളിലും 26 താലൂക്ക് ആശുപത്രികളിലും ഒപി വിഭാഗം നവീകരിച്ചു. 102 സാമൂഹികാരോഗ്യ കേന്ദ്രങ്ങളെ ബ്ലോക്ക് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി. 13 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ ശാക്തീകരിച്ചു.

രാവിലെ 9 മണിമുതൽ 6 മണിവരെയുള്ള ഒപി സേവനങ്ങളാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെ പ്രത്യേകത. ആശുപത്രികളെ ജനസൗഹൃദമാക്കുന്നതിനായി എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളിലും കാത്തിരിപ്പ് മുറികൾ, ഒ.പി. രജിസ്ട്രേഷൻ കൗണ്ടറുകൾ, ഭിന്നശേഷിക്കാർക്കും വയോജനങ്ങൾക്കും ഉപയോഗിക്കുന്നതിനായി റാംപ്, രോഗികളുടെ സ്വകാര്യത ഉറപ്പ് വരുത്തുന്നതിനാവശ്യമായ പരിശോധനാ മുറികൾ, ഇൻജക്ഷൻ റൂം, ഡ്രസിംഗ് റൂം, ഒബ്സർവേഷൻ റൂം, നഴ്സസ് സ്റ്റേഷൻ, ഫാർമസി, ലാബ്, ലാബ് വെയിറ്റിംഗ് ഏരിയ, കാത്തിരിപ്പ് മുറികളിൽ ബോധവത്ക്കരണത്തിനായി ടെലിവിഷൻ, എയർപോർട്ട് ചെയർ, ദിശാബോർഡുകൾ, പബ്ലിക് അഡ്രസിംഗ് സിസ്റ്റം, രോഗീ സൗഹൃദ ശുചിമുറികൾ എന്നിവ ഉറപ്പാക്കുന്നു. എല്ലാ കുടുംബാരോഗ്യ കേന്ദ്രങ്ങളും വയോജന/സ്ത്രീ/ഭിന്നശേഷി സൗഹൃദമായാണ് നിർമ്മിക്കുന്നത്.

ആരോഗ്യ മേഖലയിലെ വലിയ വികസനത്തിന്റെ ഫലമായി 290 ആരോഗ്യ കേന്ദ്രങ്ങൾക്കാണ് എൻ.ക്യു.എ.എസ്. അംഗീകാരം ലഭിച്ചത്. സംസ്ഥാനത്തെ 9 ജില്ലാ ആശുപത്രികൾ, 8 താലൂക്ക് ആശുപത്രികൾ, 14 സാമൂഹികാരോഗ്യ കേന്ദ്രങ്ങൾ, 47 നഗര കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 172 കുടുംബാരോഗ്യ കേന്ദ്രങ്ങൾ, 40 ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയാണ് എൻ.ക്യു.എ.എസ്. അംഗീകാരം നേടിയിട്ടുള്ളത്.

# ലിയോറ ഇന്നൊവേഷൻ കോൺക്ളേവുമായി കുടുംബശ്രീ

**തിരുവനന്തപുരം:** കുട്ടികൾ അവതരിപ്പിക്കുന്ന അതിനൂതന ആശയങ്ങളുമായി കുടുംബശ്രീയുടെ ലിയോറ ഇന്നൊവേഷൻ കോൺക്ളേവ് വരുന്നു. ജനുവരി 17,18 തീയതികളിൽ എറണാകുളം കളമശ്ശേരി സ്റ്റാർട്ടപ് മിഷൻ കാമ്പസിലാണ് കോൺക്ളേവ്. ഓരോ ജില്ലയിൽ നിന്നും അട്ടപ്പാടിയിൽ നിന്നും പത്തു വീതം കുട്ടികളെയാണ് ഇതിലേക്ക് തിരഞ്ഞെടുത്തിട്ടുള്ളത്. ആകെ 150 കുട്ടികൾ ഇതിൽ പങ്കെടുക്കും. വ്യത്യസ്ത മേഖലകളിലുള്ളതും കുട്ടികൾ തന്നെ കണ്ടെത്തുന്നതുമായ പ്രശ്നങ്ങളും അവയ്ക്കുള്ള പരിഹാരവുമാണ് നൂതനാശയങ്ങളായി കോൺക്ളേവിൽ അവതരിപ്പിക്കുന്നത്.

അഗ്രികൾച്ചർ, വേസ്റ്റ് മാനേജ്മെന്റ്, ആർട്ട് കൾച്ചർ ആൻഡ് കമ്യൂണിക്കേഷൻ, ഡിജിറ്റൽ ടെക്നോളജി, സോഷ്യൽ ഇൻക്ലൂഷൻ, ഹെൽത്ത് ഹൈജീൻ ആൻഡ് ന്യൂട്രീഷൻ, എജ്യുക്കേഷൻ ആൻഡ് ലൈഫ് സ്കിൽസ് തുടങ്ങി ഏഴ് വ്യത്യസ്ത തീമുകളാണ് കുട്ടികൾക്ക് നൽകിയിരുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കുട്ടികൾ സ്വന്തമായി ഒട്ടേറെ പുതിയ സാങ്കേതികവിദ്യകൾ വികസിപ്പിച്ചെടുത്തിട്ടുണ്ട്. ഇവ അടിസ്ഥാനമാക്കി തയ്യാറാക്കിയ പ്രബന്ധങ്ങളാണ് കോൺക്ളേവിൽ അവതരിപ്പിക്കുക. പ്രായോഗിക ജീവിതവുമായി ബന്ധപ്പെട്ടവയാണ് കുട്ടികൾ അവതരിപ്പിക്കുന്ന ആശയങ്ങളിൽ ഏറെയും. പുതിയ സ്റ്റാർട്ടപ്പുകൾ തുടങ്ങാൻ ആഗ്രഹിക്കുന്നവർക്ക് കുട്ടികൾ അവതരിപ്പിക്കുന്ന ആശയങ്ങളും സാങ്കേതികവിദ്യകളും പ്രയോജനപ്പെടും.

നാലു വേദികൾ ഉള്ളതിൽ പ്രധാന വേദിയിൽ മാത്രമായിരിക്കും പ്രബന്ധാവതരണ മത്സരം നടത്തുക. 33 പേർ പ്രധാന വേദിയിൽ മത്സരിക്കും. ഇംഗ്ളീഷിലാകും ഇതിന്റെ അവതരണം. ഇതോടൊപ്പം മറ്റ് മൂന്നു വേദികളിലും കുട്ടികൾ പ്രത്യേകം ക്ഷണിക്കപ്പെട്ട വിദഗ്ധരുടെ മുന്നിൽ തങ്ങളുടെ പ്രബന്ധങ്ങൾ അവതരിപ്പിക്കും. ജില്ലാതല പ്രബന്ധാവതരണത്തിൽ ഏറ്റവും മികച്ച പ്രകടനം കാഴ്ച വച്ച കുട്ടികളാണ് കോൺക്ളേവിൽ പ്രബന്ധാവതരണം നടത്തുക. കൃഷിക്ക് ഭീഷണിയാകുന്ന അധിനിവേശ സസ്യങ്ങളിൽ നിന്നും ഹെയർ ഓയിൽ തയ്യാറാക്കുന്നതു മുതൽ ഉപയോഗശൂന്യമായ ഡയപ്പറുകളിൽ നിന്നും ആക്ടിവേറ്റഡ് ചാർക്കോൾ ഉൽപാദിപ്പിക്കുന്നതു വരെയുള്ള ആശയങ്ങളാണ് കുട്ടികൾ അവതരിപ്പിക്കുക. മികച്ച പ്രബന്ധാവതരണം നടത്തുന്നവർക്ക് പ്രത്യേക പുരസ്കാരവും നൽകും. കൂടാതെ കോൺക്ളേവിനോടനുബന്ധിച്ച് റോബോട്ടിക്സ്, ഡ്രോൺ, ഫാബ് ലാബ്, തിങ്കർ ഹബ്ബ് എന്നിവ സംബന്ധിച്ച് പഠിക്കാനും വിവിധ മേഖലകളിലെ വിദഗ്ധരുമായി സംവദിക്കുന്നതിനുള്ള അവസരവും ഉണ്ടാകും.

കുട്ടികളുടെ ബൗദ്ധികശേഷിയെ പരമാവധി ഉണർത്തിക്കൊണ്ട് ശാസ്ത്ര സാങ്കേതിക മേഖലകൾ ഉൾപ്പെടെ വ്യത്യസ്തമായ രംഗങ്ങളിൽ അറിവിനൊപ്പം പുത്തൻ ആശയങ്ങൾ കണ്ടെത്താൻ സഹായിക്കുകയാണ് പരിപാടിയുടെ ലക്ഷ്യം. ഒരു വർഷം നീണ്ട മുന്നൊരുക്കങ്ങൾക്ക് ശേഷമാണ് ഇപ്പോൾ കോൺക്ളേവ് സംഘടിപ്പിക്കുന്നത്. കോൺക്ളേവിന്റെ ആദ്യപടിയായി കഴിഞ്ഞ വർഷം ബ്ലോക്ക്തലത്തിൽ കുട്ടികൾക്കായി ഇന്നവേഷൻ ഫെസ്റ്റുകൾ സംഘടിപ്പിച്ചിരുന്നു. ഇതിൽ മികച്ച ആശയങ്ങൾ അവതരിപ്പിച്ച 150 കുട്ടികൾക്കായി ലിയോറ സമ്മർ ക്യാമ്പ് സംഘടിപ്പിക്കുകയും ഇതിൽ മികച്ച പ്രകടനം കാഴ്ച വച്ചവർക്ക് ഉദ്ധ്യം ലേണിങ്ങ് ഫൗണ്ടേഷനുമായി സഹകരിച്ച് ഫെല്ലോഷിപ്പും നൽകിയിരുന്നു.

കോൺക്ളേവ് 17ന് എറണാകുളം കളമശ്ശേരി സ്റ്റാർട്ടപ് മിഷൻ ക്യാമ്പസിൽ രാവിലെ 11.30ന് തദ്ദേശ സ്വയംഭരണ എക്സൈസ് പാർലമെന്ററികാര്യ വകുപ്പ് മന്ത്രി എം.ബി രാജേഷ് ഉദ്ഘാടനം ചെയ്യും. കളമശ്ശേരി നഗരസഭാധ്യക്ഷൻ ജമാൽ മണക്കാടൻ അധ്യക്ഷത വഹിക്കും.

# സപ്ലൈകോ മാവേലി സ്റ്റോർ സൂപ്പർ സ്റ്റോറായി ഉയർത്തി

**രണ്ടത്താണി:** ഭക്ഷ്യ പൊതുവിതരണ വകുപ്പ് മന്ത്രി ജി.ആർ അനിൽ ഉദ്ഘാടനം ചെയ്തു കൽപകഞ്ചേരി ഗ്രാമപഞ്ചായത്തിലെ രണ്ടത്താണി യുണൈറ്റഡ് ടവറിൽ പ്രവർത്തിക്കുന്ന മാവേലി സ്റ്റോർ സൂപ്പർ സ്റ്റോറായി ഉയർത്തി. ഭക്ഷ്യ പൊതുവിതരണ ഉപഭോക്തൃകാര്യ ലീഗൽ മെട്രോളജി വകുപ്പ് മന്ത്രി ജി.ആർ. അനിൽ ഉദ്ഘാടനം ഓൺലൈനായി നിർവഹിച്ചു.

സപ്ലൈകോയുടെ അമ്പതാമത് വാർഷികത്തിന്റെ ഭാഗമായി വിവിധ ഇടങ്ങളിൽ പുതിയ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനും നിലവിലുള്ള മാവേലി സ്റ്റോറുകൾ സൂപ്പർ സ്റ്റോറുകൾ ആക്കി ഉയർത്തുന്നതിനുമുള്ള നടപടികൾ തുടർന്നുവരികയാണെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മന്ത്രി പറഞ്ഞു. മാത്രമല്ല, ഒരു മാസം 300 കോടിയിലധികം രൂപയുടെ വില്പനയും ഓണക്കാലത്ത് 384 കോടി രൂപയുടെ നിത്യോപയോഗ സാധനങ്ങളുടെ വില്പനയും 50 ലക്ഷത്തോളം കുടുംബങ്ങൾക്ക് എല്ലാമാസവും സപ്ലൈകോയിൽ സാധനങ്ങൾ ലഭ്യമാക്കാനും കഴിഞ്ഞുവെന്നും മന്ത്രി പറഞ്ഞു.

തിരൂർ നിയോജകമണ്ഡലം എം.എൽ.എ കുറുക്കോളി മൊയ്തീൻ അധ്യക്ഷത വഹിച്ചു. വിലക്കയറ്റം നിലവിൽ ഇപ്പോഴുമുണ്ട്, ഇത് നിയന്ത്രിക്കാൻ സർക്കാർ ഇടപെടലുകൾ ഉണ്ടാകണമെന്ന് എം.എൽ.എ അധ്യക്ഷപ്രസംഗത്തിൽ നിർദ്ദേശിച്ചു. ചടങ്ങിൽ സപ്ലൈകോ റീജിയണൽ മാനേജർ ജി.സുമ സ്വാഗതം പറഞ്ഞു.

കൽപകഞ്ചേരി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് എ.പി സബാഹ് യുണൈറ്റഡ് ടവർ ഉടമസ്ഥൻ ഫൈസലിന് ആദ്യ വില്പന നടത്തി. വാർഡ് മെമ്പർ കെ.ഷാഹുൽ ഹമീദ്, രാഷ്ട്രീയ പ്രതിനിധികളായ ഫിറോസ് പള്ളിമാലി, എം.ജയരാജൻ, മൻസൂർ അലി പാലമടത്തിൽ, അബ്ദു തൈക്കാടൻ തുടങ്ങിയവർ സംസാരിച്ചു. തിരൂർ താലൂക്ക് സപ്ലൈ ഓഫീസർ കെ.സി. മനോജ് കുമാർ നന്ദി പറഞ്ഞു.

### പരിശോധന കർശനമാക്കി

# ഭക്ഷ്യസുരക്ഷാ വകുപ്പ് ; പരിശോധന നടത്തിയത് 614 സ്ഥാപനങ്ങളിൽ

**തൊടുപുഴ:** ജില്ലയിൽ ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ നേതൃത്വത്തിൽ 614 സ്ഥാപനങ്ങളിൽ പരിശോധന നടത്തി.192 സ്റ്റാറ്റിയൂട്ടറി സാമ്പിളുകൾ ശേഖരിച്ച് പരിശോധിച്ചതിൽ പത്ത് എണ്ണം സുരക്ഷിതമല്ലെന്ന് കണ്ടെത്തി. ഒൻപത് സാമ്പിളുകളിൽ ഫുഡ് കളർ ചേർത്തതായും ഒരു സാമ്പിളിലെ സുഗന്ധവ്യഞ്ജനങ്ങളിൽ കീടനാശിനിയുടെ അംശം കണ്ടെത്തുകയും നിയമനടപടികൾ സ്വീകരിക്കുകയും ചെയ്തു.

കണ്ടെത്തിയ പിഴവുകൾക്കെതിരെ നാല് പ്രോസിക്യൂഷൻ കേസുകളും, ഏഴ് അഡ്ജുഡിക്കേഷൻ കേസുകളും ഫയൽ ചെയ്തു. വിവിധ പിഴവുകൾക്ക് അസ്സിസ്റ്റന്റ് ഭക്ഷ്യസുരക്ഷാ കമ്മീഷണർ 12 സ്ഥാപനങ്ങളിൽ നിന്നായി 145000 രൂപ പിഴ ഈടാക്കി. ആർ.ഡി.ഒ മുമ്പാകെ ഫയൽ ചെയ്തിട്ടുള്ള ഒൻപത് കേസുകൾ തീർപ്പാക്കി. ആനച്ചാൽ ലാഭം ഗ്രോസറി മാർട്ട് 10000 രൂപ, മൂന്നാർ നല്ലതണ്ണി എസ്റ്റേറ്റ് സ്ഥാപനത്തിന് 10000 രൂപ, നിരോധിച്ച നെയ്യ് കടയിൽ സൂക്ഷിച്ചതിന് കുഞ്ചിത്തണ്ണി ബിസ്മില്ല സ്റ്റോഴ്സിന് 5000 രൂപ, ആനച്ചാൽ പുത്തൻപുരയ്ക്കൽ ഹൈപ്പർ മാർക്കറ്റിന് 10000 രൂപ, തൊടുപുഴ സിലോൺ ഹോട്ടലിന് ശുചിത്വമില്ലാതെ പ്രവർത്തിച്ചതിനും, ഭക്ഷ്യസുരക്ഷാ ഓഫീസറുടെ നിർദ്ദേശങ്ങൾ പാലിക്കാത്തതിനുമായി 150000 രൂപ, കുട്ടിക്കാനം ഓപ്പൺ കിച്ചൺ, ബാർബി ക്യൂ, എന്ന സ്ഥാപനത്തിന് ശുചിത്വ മാനദണ്ഡങ്ങൾ പാലിക്കാതെ ഭക്ഷണം നിർമ്മിച്ച് വിതരണം ചെയ്തതിന് 75000 രൂപ, കുമളിയിൽ പ്രവർത്തിക്കുന്ന സിജോസ് ഹോട്ടലിന് ലൈസൻസ് ഇല്ലാതെ പ്രവർത്തിച്ചതിനും, മെഡിക്കൽ ഫിക്സ് സർട്ടിഫിക്കറ്റ് ഇല്ലാത്ത ജീവനക്കാരെക്കൊണ്ട് ജോലി ചെയ്യിപ്പിച്ചതിനും, അടുക്കളയും, ഫ്രീസറും ശുചിത്വ നിലവാരം പാലിക്കാത്തതിനുമായി 75000 രൂപ, കമ്പളിക്കണ്ടം നീരാനൽ ജനറൽ സ്റ്റോഴ്സ് എന്ന സ്ഥാപനത്തിൽ നിലവാരമില്ലാത്ത കൃത്രിമമായ വിനീകർ വിറ്റതിന് 5000 രൂപയും ഇടുക്കി സീസൺ ട്രഡേഴ്സ്, ആലപ്ര എന്ന സ്ഥാപനത്തിന് 10000 രൂപ, ഈർപ്പത്തിന്റെ അളവ് കൂടുതലുള്ള പപ്പടം നിർമ്മിച്ച് വിറ്റതിന് പ്രമോദ്, പുരുഷൻ, ജയലക്ഷ്മി പപ്പടം എന്നിവർക്ക് 1000 രൂപ വീതവും വിവിധ ഉൽപ്പന്നങ്ങളുടെ നിർമ്മാതാവായ സ്ഥാപനങ്ങൾക്കും ഉൾപ്പെടെ പതിനേഴ് ലക്ഷത്തി അമ്പത്തിരണ്ടായിരം രൂപ പിഴ ഇനത്തിൽ ചുമത്തിയിട്ടുണ്ട്.

ഹോസ്റ്റൽ കാന്റീനുകളിൽ സുരക്ഷിത ഭക്ഷണം ഉറപ്പാക്കുന്നതിന്റെ ഭാഗമായി സ്പെഷ്യൽ ഡ്രൈവും ക്രിസ്തുമസ് ന്യൂ ഇയർ പ്രമാണിച്ച് 2025 ഡിസംബർ 20 മുതൽ 2025 ഡിസംബർ 27 വരെ പ്രത്യേക സ്ക്വാഡും രൂപീകരിച്ച് പരിശോധന നടത്തിയിട്ടുണ്ട്. ശബരിമല മുന്നൊരുക്കവുമായി ബന്ധപ്പെട്ട് ആറോളം പരിശീലന പരിപാടികൾ, തീർത്ഥാടകർ യാത്ര ചെയ്യുന്ന സ്ഥലങ്ങളിൽ നിരവധി പരിശോധനകൾ, തുടങ്ങിയവ നടത്തി. കൂടുതൽ കളർ കാണുന്ന ഭക്ഷണ വിഭവങ്ങൾ ഒഴിവാക്കണമെന്നും ശ്രദ്ധയിൽപ്പെട്ടാൽ ഭക്ഷ്യസുരക്ഷാ വകുപ്പിനെ അറിയിക്കേണ്ടതാണെന്നും ഭക്ഷ്യസുരക്ഷാ വകുപ്പ് അറിയിച്ചു.

# കുടുംബശ്രീ സംരംഭകർക്ക് വിപണന വേദിയായി സി.ഡി.എസ് മാർക്കറ്റിംഗ് കിയോസ്ക്

**കാഞ്ഞങ്ങാട്:** കുടുംബശ്രീയുടെ സൂക്ഷ്മ സംരംഭകർ നിർമ്മിക്കുന്ന ഗുണമേൻമയുള്ള ഉൽപ്പന്നങ്ങൾ പ്രാദേശിക വിപണിയിൽ സുലഭമാക്കുക, ഉപഭോക്താക്കൾക്ക് കുടുംബശ്രീ ഉൽപ്പന്നങ്ങൾ സ്ഥിരമായി ലഭ്യമാക്കുക, സംരംഭങ്ങളുടെ ഉത്പാദന ശേഷിയും നിലവാരവും ക്രമേണ ഉയർത്തുക, കൂടാതെ 'കുടുംബശ്രീ ഏകീകൃത റീട്ടെയിൽ ചെയിൻ' എന്ന ആശയം പ്രാവർത്തികമാക്കുക എന്നതാണ് കിയോസ്ക് പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.

പുല്ലൂർ പെരിയ ഗ്രാമപഞ്ചായത്ത് കുടുംബശ്രീ സി.ഡി.എസ് മാർക്കറ്റിംഗ് കിയോസ് ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് ഡോ. സി.കെ സബിത ഉദ്ഘാടനം ചെയ്തു. ആദ്യ വിൽപ്പന വാർഡ് മെമ്പർ എൻ.ഉഷ നിർവഹിച്ചു. എ.ഡി.എം.സിമാരായ ഡി.ഹരിദാസ്, സി.എച്ച് ഇക്ബാൽ, സ്ഥിരം സമിതി അധ്യക്ഷൻമാരായ ബി.എ ഷാഫി, ദീപ മണികണ്ഠൻ, കാഞ്ഞങ്ങാട് ബ്ലോക്ക് പഞ്ചായത്ത് അംഗം സിന്ധു പത്മനാഭൻ, പഞ്ചായത്ത് അംഗങ്ങളായ കെ.ബിന്ദു, കെ.ലീല, എം.രേഖ, കെ.സുനിത, വി.കെ നളിനി, സി.ശോഭന, സി.ഡി.എസ് മെമ്പർമാർ, എം.ഇ.സി ആനിമേറ്റർമാർ, വിവിധ രാഷ്ട്രീയകക്ഷി പ്രതിനിധികൾ എന്നിവർ പരിപാടിയിൽ പങ്കെടുത്തു.

കുടുംബശ്രീ ജില്ലാ മിഷന്റെ നേതൃത്വത്തിൽ ജില്ലകളിലെ പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങൾ, വ്യാപാര സാധ്യതയുള്ള പ്രദേശങ്ങൾ, സർക്കാർസ്വകാര്യ ഓഫീസുകൾ എന്നിവിടങ്ങളിലാണ് കിയോസ്കുകൾ സ്ഥാപിക്കുന്നത്.

ഇതിലൂടെ കുടുംബശ്രീ സംരംഭകർക്ക് സ്ഥിരമായ വിപണി ഉറപ്പാക്കാനും ഉപഭോക്താക്കൾക്ക് വിശ്വാസ്യതയുള്ള ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും ലക്ഷ്യമിടുന്നു. കൂടുതൽ സംരംഭങ്ങളെയും ഉത്പ്പന്നങ്ങളെയും കിയോസ്കുകളിൽ ഉൾപ്പെടുത്തുക, വിപണന സാധ്യതയുള്ള സ്ഥലങ്ങൾ തിരഞ്ഞെടുക്കുക, സംരംഭകർക്ക് ആവശ്യമായ പരിശീലനങ്ങൾ നൽകുക, ജില്ലാതല പ്രചാരണ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുക തുടങ്ങിയ നടപടികൾ ജില്ലാ മിഷൻ സ്വീകരിക്കും. ഏകീകൃത മാതൃകയിലൂടെ പരമാവധി ഉപഭോക്താക്കളെ സൃഷ്ടിച്ച് പദ്ധതി സമയബന്ധിതമായി നടപ്പിലാക്കുന്നതാണ് ലക്ഷ്യം. കിയോസ്കുകൾ സ്ഥാപിക്കുന്നതിന്റെ ചുമതലയും ഉടമസ്ഥാവകാശവും അതത് ജില്ലാ മിഷനുകൾക്കായിരിക്കും. കിയോസ്കുകളുടെ നടത്തിപ്പ് ചുമതല സി.ഡി.എസ്സിന് നൽകും.

സൊസൈറ്റി ടുഡേ
SOCIETY TODAY

# കേബിളിൽ കുരുങ്ങി അപകടം: വിദഗ്ദ്ധ സമിതി റിപ്പോർട്ടിൽ ആറാഴ്ചക്കകം തീരുമാനമെടുക്കണം; മനുഷ്യാവകാശ കമ്മീഷൻ

**കൊച്ചി:** റോഡിൽ താഴ്ന്നുകിടക്കുന്ന കേബിളിൽ കുരുങ്ങി ഇരുചക്ര വാഹനങ്ങളിൽ സഞ്ചരിക്കുന്നവർ സ്ഥിരമായി അപകടത്തിൽപ്പെടുന്ന സാഹചര്യത്തിൽ അപകടങ്ങൾ ഒഴിവാക്കുന്നതുമായി ബന്ധപ്പെട്ട് സർക്കാർ നിയോഗിച്ച വിദഗ്ദ്ധ സമിതി, വൈദ്യുതിവകുപ്പിന് നൽകിയ റിപ്പോർട്ടിൽ 6 ആഴ്ചക്കകം സർക്കാർ അന്തിമ തീരുമാനമെടുക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റിസ് അലക്സാണ്ടർ തോമസ്. ഇക്കാര്യത്തിൽ ഇനിയും കാലതാമസം പാടില്ലെന്ന് കമ്മീഷൻ വൈദ്യുതിവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. അന്തിമ റിപ്പോർട്ട് സർക്കാർ കമ്മീഷനിൽ സമർപ്പിക്കണം. കളമശേരി ഇഖ്റ മസ്ജിദ് ഇമാം അബ്ദുൾ അസീസ് ഓടിച്ച ബൈക്ക് 2024 ഓഗസ്റ്റ് 20 ന് കേബിളിൽ കുരുങ്ങി അപകടത്തിൽപെട്ടതിന്റെയും സമാന സംഭവങ്ങളുടെയും അടിസ്ഥാനത്തിൽ കമ്മീഷൻ സ്വമേധയാ രജിസ്റ്റർ ചെയ്ത കേസിലാണ് നടപടി.

വിദഗ്ദ്ധ സമിതി രൂപീകരിച്ച് വിഷയം പഠിക്കാൻ ജസ്റ്റിസ് അലക്സാണ്ടർ തോമസ് ഊർജ വകുപ്പ് സെക്രട്ടറിക്ക് നിർദ്ദേശം നൽകി. ഇതിന്റെ അടിസ്ഥാനത്തിൽ കഴിഞ്ഞ വർഷം ഓഗസ്റ്റ് 30 ന് ജി.ഒ. 181/2025 നമ്പറായി കെ.എസ്.ഇ.ബി സുരക്ഷാവിഭാഗം ഡയറക്ടറുടെ അധ്യക്ഷതയിൽ സർക്കാർ അഞ്ചംഗ കമ്മറ്റി രൂപീകരിച്ച് ഉത്തരവിറക്കി. ഇതിൽ ഡപ്യൂട്ടി ഇലക്ട്രിക്കൽ ഇൻസ്പെക്ടർ രൂപക്, ട്രാഫിക് എസ്. പി, ട്രാഫിക് സൗത്ത് എസ്.പി, തദ്ദേശസ്വയംഭരണ വകുപ്പ് അസി. എക്സിക്യൂട്ടീവ് എഞ്ചിനീയർ ആർ.എസ്. രശ്മി എന്നിവർ അംഗങ്ങളായിരുന്നു. കേബിൾ അപകടങ്ങൾ ഒഴിവാക്കുന്നതിനുള്ള 9 നിർദ്ദേശങ്ങൾ കമ്മറ്റി സർക്കാരിന് സമർപ്പിച്ചു. തുടർന്ന് ഊർജ വകുപ്പ് ജോയിന്റ് സെക്രട്ടറി കമ്മീഷൻ സിറ്റിംഗിൽ ഹാജരായി.ഊർജ, നിയമ വകുപ്പ് ഉദ്യോഗസ്ഥർ ഉന്നത സമിതിയുടെ റിപ്പോർട്ട് പരിശോധിച്ച് സർക്കാരിന് നിയമപരമായ ശുപാർശകൾ സമർപ്പിക്കാൻ നിർദ്ദേശം നൽകിയതായി ജോയിന്റ് സെക്രട്ടറി അറിയിച്ചു. അന്തിമ തീരുമാനം എടുക്കുന്നതിന് മുമ്പ് കെ എസ് ഇ ബി, തദ്ദേശ സ്വയംഭരണവകുപ്പ് ഉദ്യോഗസ്ഥരുമായി കൂടിയാലോചന നടത്തണമെന്ന് കമ്മീഷൻ നിർദ്ദേശിച്ചു. മാർച്ചിൽ എറണാകുളത്ത് നടക്കുന്ന സിറ്റിംഗിൽ കേസ് പരിഗണിക്കുമ്പോൾ സർക്കാർ തീരുമാനം അറിയിക്കണമെന്ന് ഉത്തരവിൽ പറഞ്ഞു.

# കുടുംബശ്രീ മിഷൻ കാർഷിക സംരംഭകത്വ മേഖലയിൽ പുതിയ ചരിത്രം കുറിക്കുന്നു

**കൊച്ചി:** കേരളത്തിന്റെ സ്വാഭാവിക ശക്തിയും സാങ്കേതിക കഴിവുകളും ലോകത്തിന് മുന്നിൽ പ്രദർശിപ്പിക്കുന്നതിൽ ഒരു സുപ്രധാന ചുവടുവയ്പ്പായ പ്രോഗ്രാം നാളെ നെടുമ്പാശ്ശേരി ഫ്ളോറ ഇന്റർനാഷണൽ ഹോട്ടലിൽ മന്ത്രി എം.ബി. രാജേഷ് നിർവഹിക്കും. കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പ്രകൃതിദത്തമായ ഗുണമേന്മയും സംയോജിപ്പിക്കുന്ന 30 ഉയർന്ന നിലവാരമുള്ള വൈവിധ്യമാർന്ന ഉൽപ്പന്നങ്ങൾ കെ-ഇനം എന്ന പേരിൽ വിപണിയിൽ ഇറക്കുകയാണ്.

നൂതന ഡിജിറ്റൽ സംവിധാനങ്ങളിലൂടെയും അത്യാധുനിക സാങ്കേതിക വിദ്യകളിലൂടെയും ഉൽപ്പാദനത്തിലും വിപണനത്തിലും സാങ്കേതിക നവീകരണം ശക്തിപ്പെടുത്തുക എന്ന ലക്ഷ്യത്തോടെയുള്ള കേരള ടെക്നോളജി അഡ്വാൻസ്മെന്റ് പ്രോഗ്രാമിന്റെ രണ്ടാം ഘട്ടമായ കെ-ടാപ്പ് 2.0 യും പരിപാടിയിൽ അവതരിപ്പിക്കും.

അതിനോടൊപ്പം തന്നെ പരമ്പരാഗത ഗോത്ര അറിവിനെ പൂർണ്ണമായും പ്രകൃതിദത്ത ചായങ്ങൾ ഉപയോഗിച്ച് ആധുനിക ഡിസൈനുകളുമായി സമന്വയിപ്പിക്കുന്ന, തദ്ദേശീയരുടെ സുസ്ഥിരമായ ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്ന പ്രീമിയം വസ്ത്ര ബ്രാൻഡായ ട്രിബാൻഡ് മറ്റൊരു പ്രധാന ആകർഷണമാണ്.കൂടാതെ, തിരഞ്ഞെടുത്ത മുൻനിര ഉൽപ്പന്നങ്ങൾ ഉൾക്കൊള്ളുന്ന പ്രത്യേക കുടുംബശ്രീ ഗിഫ്റ്റ് ബോക്സുകൾ അവതരിപ്പിക്കുന്നതിനൊപ്പം 'യുക്തി' എന്ന പേരിൽ ഒരു പുതിയ സ്റ്റാർട്ടപ്പ് ശൃംഖല ആരംഭിക്കും.

# കൊല്ലം–തേനി ദേശീയപാത വികസനം: ആദ്യഘട്ട അലൈൻമെന്റിന് അംഗീകാരം

**ചാരുംമൂട്:** കൊല്ലംതേനി ദേശീയപാത 183 നാലുവരി പാതയായി വികസിപ്പിക്കാനുള്ള നിർമാണ പദ്ധതിയുടെ ആദ്യഘട്ട അലൈൻമെന്റിന് അന്തിമ അംഗീകാരം ലഭിച്ചു. കൊല്ലം കടവൂരിലെ ദേശീയപാത 66ൽനിന്നാണ് നാലുവരി പാതയായി റോഡ് വികസനം ആരംഭിക്കുന്നത്.

കേന്ദ്ര ഹൈവേറോഡ് ഗതാഗത മന്ത്രി നിതിൻ ഗഡ്കരി ലോക്സഭയിൽ നൽകിയ മറുപടിയിൽ കൊല്ലം മുതൽ തമിഴ്നാട് അതിർത്തിയായ കുമളി വരെ നീളുന്ന ദേശീയപാത 183ന്റെ ആകെ ദൈർഘ്യം ഏകദേശം 215 കിലോമീറ്ററാണ്. ഇതിൽ കൊല്ലംചെങ്ങന്നൂർ റോഡിൽ കടവൂർ ആഞ്ഞിലിമൂട് ഭാഗത്തിന്റെ അലൈൻമെൻറ് നേരത്തെതന്നെ അംഗീകാരം ലഭിച്ചിരുന്നു. ആദ്യഘട്ടത്തിൽ 62.1 കിലോമീറ്റർ ദൈർഘ്യമുള്ള വികസനം ആരംഭിക്കും.

എന്നാൽ, പുതുക്കിയ അലൈൻമെൻറ് പ്രകാരം വളവുകൾ മാറുമ്പോൾ 58 കിലോമീറ്റർ ആയി പാതയുടെ ദൈർഘ്യം കുറയും. ആദ്യഘട്ടത്തിൽ രണ്ടുവരി പാതയായി വികസനം ലക്ഷ്യമിട്ട കൊല്ലംതേനി ദേശീയപാതയിലെ നിലവിലെ ഗതാഗത സമ്മർദവും ഭാവിയിലെ ആവശ്യകതകളും വിലയിരുത്തി കൊല്ലം കളക്ടറേറ്റിൽ കഴിഞ്ഞവർഷം നടന്ന കൺസൾട്ടേഷൻ കമ്മിറ്റിയുടെ തീരുമാന പ്രകാരമാണ് ദേശീയപാത നാലുവരിപ്പാതയാക്കി വികസിപ്പിക്കാൻ തീരുമാനിച്ചത്.

കടവൂർ മുതൽ ആഞ്ഞിലിമൂട് വരെ ഭാഗത്തിനായുള്ള പദ്ധതിയുടെ അന്തിമ രൂപരേഖയും റിപ്പോർട്ടും ഇതിനകം സമർപ്പിച്ചിട്ടുണ്ട്. ജനസാന്ദ്ര പ്രദേശങ്ങളിലൂടെയും ഉയർന്ന ഭൂവിലയുള്ള മേഖലകളിലൂടെയും ദേശീയപാത കടന്നുപോകുന്നതിനാൽ, സ്ഥലം ഏറ്റെടുപ്പിന്റെ ഉയർന്ന ചെലവും പാർപ്പിട കെട്ടിടങ്ങൾക്കുണ്ടാകുന്ന ബാധ്യതയും കണക്കിലെടുത്ത് നിലവിലെ ഡിപിആർ വിശദമായി പരിശോധിച്ചുവരികയാണ്.

അതേസമയം, ആഞ്ഞിലിമൂട് മുതൽ കുമളി വരെ കേരള-തമിഴ്നാട് അതിർത്തി വരെയുള്ള ശേഷിക്കുന്ന ഭാഗത്തിന്റെ ഡി പിആർ തയാറാക്കാനുള്ള നടപടികളും ആരംഭിച്ചുകഴിഞ്ഞു. കടവൂർആഞ്ഞിലിമൂട് ഭാഗത്തിനായി ഭൂമി ഏറ്റെടുപ്പിന്റെ 3 എ വിജ്ഞാപനം കഴിഞ്ഞ മാർച്ച് 19ന് ഭൂമി രാശി പോർട്ടലിൽ പ്രസിദ്ധീകരിച്ചിരുന്നു. ഇതുമായി ബന്ധപ്പെട്ട ചെലവ് കണക്കുകൾ കേന്ദ്ര റോഡ് ഗതാഗതഹൈവേ മന്ത്രാലയത്തിന്റെ ഡയറക്ടർ ജനറലിന് സമർപ്പിച്ചിട്ടുണ്ട്.

പദ്ധതി അംഗീകരിക്കപ്പെട്ടാൽ പുതുക്കിയ ഡിഎസ്ആർ പ്രകാരം 2200 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. സ്ഥലം ഏറ്റെടുപ്പിന് സംസ്ഥാന സർക്കാർ 25 ശതമാനം വിഹിതം നൽകുമോ എന്ന കാര്യത്തിൽ കേന്ദ്ര ഹൈവേ മന്ത്രാലയം സംസ്ഥാന സർക്കാരിനോട് വിശദീകരണം തേടിയിരുന്നു.

എന്നാൽ, സംസ്ഥാനത്തിന്റെ നിലവിലുള്ള സാമ്പത്തിക പരിമിതികൾ ചൂണ്ടിക്കാട്ടി കൊല്ലം-തേനി ദേശീയപാത വികസനത്തിനായി സ്ഥലം ഏറ്റെടുപ്പിന് തുക മുടക്കാൻ കഴിയില്ലെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തെ അറിയിക്കുകയായിരുന്നു. ഇതോടെയാണ് ദേശീയപാതയുടെ സ്ഥലം ഏറ്റെടുപ്പ് അടക്കമുള്ള മുഴുവൻ നിർമാണ ചെലവും കേന്ദ്ര റോഡ് ഗതാഗത ഹൈവേ മന്ത്രാലയം തന്നെ വഹിക്കുമെന്ന് ഉറപ്പായിരിക്കുന്നത്.

നിലവിൽ അംഗീകരിച്ച അലൈൻമെന്റ് പ്രകാരം പാതയുടെ വികസനം എത്രയും വേഗം ആരംഭിക്കണമെന്ന് സംസ്ഥാന സർക്കാരും ആവശ്യപ്പെട്ടിട്ടുണ്ട്.

## ലൊല്ലാപലൂസ: മുംബൈ കാണാൻ അവസരമൊരുക്കി എയർബിഎൻബി

**കൊച്ചി:** ലൊല്ലാപലൂസ ഇന്ത്യ 2026ന്റെ ഭാഗമായി എയർബിഎൻബി, സിനിമാ താരവും പാട്ടുകാരനുമായ സിദ്ധാന്ത് ചതുർവേദിയോടൊപ്പം മുംബൈ എക്സ്പീരിയൻസ് ചെയ്യാൻ അവസരമൊരുക്കുന്നു. സിദ്ധാന്ത് ചതുർവേദി ഹോസ്റ്റ് ചെയ്യുന്ന 4 മണിക്കൂർ ദൈർഘ്യമുള്ള എയർബിഎൻബി ഒറിജിനലിലൂടെ സിദ്ധാന്തിന്റെ പ്രിയപ്പെട്ട സ്ഥലങ്ങൾ, കഫേകൾ, ഗിഗ് സ്പെയ്സുകൾ എന്നിവ പ്രേക്ഷകർക്ക് അദ്ദേഹത്തിനൊപ്പം സന്ദർശിക്കാം. തുടർന്ന് അദ്ദേഹത്തോടൊപ്പം ലൊല്ലാപലൂസയിലും പങ്കെടുക്കാം. എയർബിഎൻബിയിലൂടെ റും ബുക്ക് ചെയ്യുന്ന 4 പേർക്കായി പരിമിതപ്പെടുത്തിയിട്ടുള്ള അനുഭവ യാത്രയുടെ ബുക്കിങ്ങ് ഈ മാസം 19ന് ആരംഭിക്കും.

## തൊഴിൽ രജിസ്ട്രേഷൻ ക്യാമ്പ്

**കൊച്ചി:** ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിനോടനുബന്ധിച്ച് പ്രവർത്തിക്കുന്ന എംപ്ലോയബിലിറ്റി സെന്ററിന്റെ ആഭിമുഖ്യത്തിൽ സ്വകാര്യ മേഖലയിലെ പ്രമുഖ സ്ഥാപനങ്ങളിൽ ജോലി ലഭിക്കുന്നതിനായുള്ള രജിസ്ട്രേഷൻ ക്യാമ്പ് ജനുവരി 17 ന് രാവിലെ 11 ന് സംഘടിപ്പിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ രജിസ്റ്റർ ചെയ്തവർക്കും അല്ലാത്തവർക്കും 300 രൂപ രജിസ്ട്രേഷൻ ഫീസ് അടച്ച് ആജീവനാന്ത ഒറ്റത്തവണ രജിസ്ട്രേഷൻ ചെയ്യാവുന്നതാണ്.

രജിസ്റ്റർ ചെയ്ത ഉദ്യോഗാർത്ഥികൾക്ക് സോഫ്റ്റ് സ്കിൽ ട്രെയിനിംഗ്, കരിയർ കൗൺസിലിംഗ്, കമ്പ്യൂട്ടർ ട്രെയിനിംഗ് എന്നിവ സൗജന്യമായി നൽകുന്നതാണ്. രജിസ്ട്രേഷന് ഹാജരാകുന്ന ഉദ്യോഗാർഥികൾക്ക് സാധുതയുള്ള ഇമെയിൽ ഐഡിയോ ഫോൺ നമ്പറോ ഉണ്ടായിരിക്കണം. രജിസ്ട്രേഷൻ ചെയ്യാൻ താൽപര്യമുള്ള ഉദ്യോഗാർത്ഥികൾ ആധാർ/ വോട്ടേഴ്സ് ഐ ഡി/ പാസ്പോർട്ട്/ പാൻ കാർഡ് എന്നിവയിൽ ഏതെങ്കിലും ഒരു ഐഡന്റിറ്റി കാർഡുമായി ജില്ലാ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ എത്തിച്ചേരണം. ഫോൺ 6282442046, 9446926836, 0484-2422452, 9446025780

## അഭിമുഖം

**കൊച്ചി:** എറണാകുളം ജില്ലയിൽ വിദ്യാഭ്യാസ വകുപ്പിൽ പാർട്ട് ടൈം ഹൈ സ്കൂൾ ടീച്ചർ ഹിന്ദി (ഡയറക്ട് റിക്രൂട്ട്മെൻറ്) ( കാറ്റഗറി നം. 81/2024) തിരഞ്ഞെടുപ്പിനായുള്ള ഇന്റർവ്യൂ ജനുവരി 28,29,30 തീയതികളിൽ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ എറണാകുളം ജില്ലാ ഓഫീസിൽ നടത്തുന്നതാണ്. രാവിലെ 9.30ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷന് അതത് ദിവസം രാവിലെ 07.30 നും, ഉച്ചയ്ക്ക് 12.00 ന് നിശ്ചയിച്ചിട്ടുള്ള അഭിമുഖത്തിന് മുന്നോടിയായുള്ള വെരിഫിക്കേഷന് അതത് ദിവസം രാവിലെ 9.30 നും നടക്കുന്നതാണ്. അസ്സൽ പ്രമാണങ്ങൾ, ഒ.റ്റി.വി സർട്ടിഫിക്കറ്റ്, അഡ്മിഷൻ ടിക്കറ്റ്, ബയോഡാറ്റ എന്നിവ സഹിതം ഉദ്യോഗാർത്ഥികൾ ബന്ധപ്പെട്ട ഓഫീസിൽ നേരിട്ട് ഹാജരാകേണ്ടതാണ്.

## താൽക്കാലിക നിയമനം

**കൊച്ചി:** എറണാകുളം സർക്കാർ നേഴ്സിങ് കോളേജിലേക്ക് ബോണ്ടഡ് ലക്ച്ചറർമാരുടെ താൽക്കാലിക ഒഴിവിലേക്ക് ഇന്റർവ്യൂ നടത്തുന്നു. പ്രതിമാസ സ്റ്റൈപ്പൻഡ് 32,000 രൂപ. പത്ത് ഒഴിവുകളാണ് ഉള്ളത്. സർക്കാർ / അംഗീകൃത സ്വാശ്രയ കോളേജിൽ നിന്നും എം.എസ്.സി നേഴ്സിഗ്, കേരള നേഴ്സസ് ആന്റ് മിഡ് വൈഫ്സ് കൗൺസിൽ രജിസ്ട്രേഷൻ എന്നിവയാണ് യോഗ്യത. താൽപ്പര്യമുള്ള ഉദ്യോഗാർത്ഥികൾ സർട്ടിഫിക്കറ്റുകളുടെ സ്വയം സാക്ഷ്യപ്പെടുത്തിയ ഒരു സെറ്റ് പകർപ്പ്, പ്രവൃത്തി പരിചയം ഉണ്ടെങ്കിൽ അവ തെളിയിക്കുന്ന സർട്ടിഫിക്കറ്റ് എന്നിവയുമായി ജനുവരി 24 ന് രാവിലെ 11 ന് എറണാകുളം സർക്കാർ നേഴ്സിങ് കോളേജ് കാര്യാലയത്തിൽ നേരിട്ട് ഹാജരാകണം. ഫോൺ: 0484-2411117.

## സെമിനാർ സമാപിച്ചു

**കൊച്ചി:** മഹാരാജാസ് കോളേജിന്റെ 150-ാം വാർഷികാഘോഷങ്ങളുടെ ഭാഗമായി പുരാവസ്തു മെറ്റീരിയൽ കൾച്ചർ സ്റ്റഡീസ് വിഭാഗം മൂന്ന് ദിവസമായി സംഘടിപ്പിച്ച ദേശീയ സെമിനാർ സമാപിച്ചു. പുരാവസ്തു പഠനത്തിലും പൈതൃക സംരക്ഷണത്തിലും കേരളം പുലർത്തുന്ന ജാഗ്രത രാജ്യത്തിന് മാതൃകയാണെന്ന് സെമിനാറിൽ മുഖ്യപ്രഭാഷണം നടത്തിയ ആർക്കിയോളജിക്കൽ സർവേ ഓഫ് ഇന്ത്യ ജോയിന്റ് ഡയറക്ടർ ജനറൽ ഡോ. മധുലിക സാമന്ത അഭിപ്രായപ്പെട്ടു.

സെമിനാറിൽ പുരാവസ്തു ഗവേഷണത്തിലെ പുതിയ കാഴ്ചപ്പാടുകളെക്കുറിച്ചും കൊച്ചിയുടെ പൈതൃകത്തെക്കുറിച്ചും ചർച്ചകൾ നടന്നു. സെമിനാറിലെ വിവിധ സെഷനുകളിലായി പെരിയാർ വാലി ആർക്കിയോളജി പ്രോജക്റ്റിനെക്കുറിച്ച് ഡോ. ജെനി പീറ്ററും മുസിരിസ് പൈതൃക സംരക്ഷണത്തെക്കുറിച്ച് എ എസ് റീമ സംസാരിച്ചു. ഹാരപ്പൻ സംസ്കാരത്തിലെ പുതിയ കണ്ടെത്തലുകളെക്കുറിച്ച് ഡോ. എസ്.വി രാജേഷ്, ഡോ.ജി.എസ് അഭയൻ എന്നിവർ വിശദീകരിച്ചു.



# ഫോക്കസ് പാലക്കാട്; പദ്ധതിയുമായി ഇൻമെക്ക് –കിഫ്

**കൊച്ചി:** ഇൻഡോ ഗൾഫ് ആൻഡ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (ഇൻമെക്ക്) കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഫോറവുമായി (കിഫ് ) സഹകരിച്ച് സംയുക്തമായ 'ഫോക്കസ് പാലക്കാട്' പദ്ധതി നടപ്പിലാക്കുന്നു. ഇൻമെക്ക് ചെയർമാൻ ഡോ. എൻ എം ഷറഫുദ്ദീന്റെ അധ്യക്ഷതയിൽ ചേർന്ന് യോഗത്തിൽ വൈസ് ചെയർമാൻ ഡോ. സിദ്ദീഖ് അഹമ്മദ്, സെക്രട്ടറി ജനറൽ ഡോ. സുരേഷ് കുമാർ മധുസൂദനൻ, കേരള ചാപ്റ്റർ പ്രസിഡന്റ് അഡ്വക്കേറ്റ് ഉണ്ണികൃഷ്ണൻ, സെക്രട്ടറി യൂനുസ് അഹമ്മദ്, കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഫോറം പ്രസിഡണ്ട് സജീവ് കുമാർ, ജോയിന്റ് സെക്രട്ടറി മുഹമ്മദ് ആസിഫ് തുടങ്ങി വ്യവസായ രംഗത്തെ പ്രമുഖർ പങ്കെടുത്തു.കേന്ദ്ര സംസ്ഥാന വ്യവസായ വികസന പദ്ധതിയിൽ മുൻപന്തിയിൽ പുരോഗമിക്കുന്ന കൊച്ചി ബാംഗ്ലൂർ ഇടനാഴിയുടെ പശ്ചാത്തലത്തിൽ വ്യവസായ വികസന രംഗത്തുള്ള പാലക്കാടിന്റെ പുതിയ നിക്ഷേപ സാധ്യതകളും അവസരങ്ങളും അവതരിപ്പിച്ചുകൊണ്ട് കേരള ഗവൺമെന്റ് അഡിഷണൽ ചീഫ് സെക്രട്ടറി എ.പി.എം മുഹമ്മദ് ഹനീഷ് മുഖ്യപ്രഭാഷണം നടത്തി. ഇന്ത്യയിലും മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലും സജീവ പ്രവർത്തനം നടത്തുന്ന ഇന്മെക്കും പാലക്കാട് കേന്ദ്രമായി പ്രവർത്തിക്കുന്ന കഞ്ചിക്കോട് ഇൻഡസ്ട്രിയൽ ഫോറവുമായി സഹകരിച്ചുകൊണ്ട് ഇന്ത്യയിലെ മറ്റു ഭാഗങ്ങളിലെയും മിഡിൽ ഈസ്റ്റിലെ പ്രവാസി കളുടെയും നിക്ഷേപ താൽപര്യങ്ങൾക്ക് അനുസൃതമായ പദ്ധതികൾ രൂപപ്പെടുത്തുവാനും അവതരിപ്പിക്കുവാനും ഈ സംയുക്ത കൂട്ടായ്മ ലക്ഷ്യമിടുന്നു.



# 2025ൽ വിറ്റത് 18,001 കാറുകൾ; വാർഷിക വിൽപനയിൽ 14% റെക്കോർഡ് വളർച്ച നേടി ബിഎംഡബ്ല്യു

**കൊച്ചി:** കഴിഞ്ഞവർഷം ഇന്ത്യൻ വിപണിയിൽ 18,001 കാറുകൾ വിറ്റഴിച്ച് ആഡംബര വാഹന നിർമാതാക്കളായ ബിഎംഡബ്ല്യു. 17,271 കാറുകളും 730 മിനി യൂണിറ്റുകളുമാണ് വിൽപന നടത്തിയത്. 5841 മോട്ടോർസൈക്കിളുകളും വിറ്റഴിച്ചതായി ബിഎംഡബ്ല്യു ഗ്രൂപ്പ് ഇന്ത്യ പുറത്തിറക്കിയ വാർത്താക്കുറിപ്പിൽ പറഞ്ഞു.

രാജ്യത്തെ കാർ വിപണിയിൽ 14 ശതമാനത്തിന്റെ റെക്കോർഡ് വാർഷിക വളർച്ചയാണ് ബിഎംഡബ്ല്യു നേടിയത്. ഒക്ടോബർ മുതൽ ഡിസംബർ വരെയുള്ള നാലാം പാദത്തിൽ 6023 യൂണിറ്റുകളാണ് വിറ്റത്. 17 ശതമാനമാണ് വാർഷിക വളർച്ച. ആഡംബര ബ്രാൻഡിനോടുള്ള ആളുകളുടെ താൽപര്യവും വിശ്വാസ്യതയുമാണ് ഉയർന്ന വിൽപന വളർച്ച നേടാൻ കമ്പനിയെ സഹായിച്ചതെന്ന് ബിഎംഡബ്ല്യു ഗ്രൂപ്പ് ഇന്ത്യ സിഇഒ ഹർദീപ് സിംഗ് ബ്രാർ പറഞ്ഞു. ഇലക്ട്രിക് വെഹിക്കിൾ സെഗ്മെന്റിൽ ഉൾപ്പെടെ മികച്ച വളർച്ചയാണ് രേഖപ്പെടുത്തിയിട്ടുള്ളത്.

രാജ്യത്തെ ആഡംബര വാഹന വിപണി അതിവേഗം വളർച്ച കൈവരിക്കുന്നതായും ഉപഭോക്താക്കളുടെ അഭിരുചിയ്ക്കനുസരിച്ച് പുതിയ മോഡലുകൾ അവതരിപ്പിക്കുമെന്നും ഹർദീപ് സിംഗ് ബ്രാർ പറഞ്ഞു. ബിഎംഡബ്ല്യു, മിനി, മോട്ടോർസൈക്കിൾ വിഭാഗങ്ങളിലായി ഇരുപതോളം പുതിയ ഉൽപന്നങ്ങളാണ് വിപണിയിൽ അവതരിപ്പിച്ചത്.



## മഹീന്ദ്രയുടെ പുതു മോഡലുകൾക്ക് ആദ്യ ദിനം 93,689 ബുക്കിംഗുകൾ

**കൊച്ചി:** മഹീന്ദ്രയുടെ ഏറ്റവും പുതിയ എസ്‌യുവികളായ എക്സ്ഇവി 9എസ്, എക്സ്‌യുവി 7എക്സ്ഒ വാഹനങ്ങളുടെ ബുക്കിംഗ് ആരംഭിച്ച് മണിക്കൂറുകൾക്കുള്ളിൽ തന്നെ 93,689 പേർ വാഹനം ബുക്ക് ചെയ്തു. ജനുവരി 14ന് ഉച്ചക്ക് രണ്ട് മണി വരെ ലഭിച്ച ഈ ബുക്കിംഗുകളുടെ മൂല്യം 20,500 കോടിയിലധികം രൂപയാണ് (എക്സ്ഷോറൂം വില). ഉൽപ്പന്ന മികവ്, നവീകരണം, ശക്തമായ നിർമാണ ശേഷി എന്നിവയിലൂന്നി ഇന്ത്യയിലെ എസ്‌യുവി വിഭാഗത്തിൽ മഹീന്ദ്ര മുൻപന്തിയിലാണ്. എക്സ്ഇവി 9എസ്, എക്സ്‌യുവി 7എക്സ്ഒ എന്നിവയിലൂടെ പെട്രോൾ, ഡീസൽ, ഇലക്ട്രിക് വാഹന പ്രേമികൾക്ക് ഇഷ്ടമുള്ള വെരിയന്റ് തിരഞ്ഞെടുക്കാനുള്ള അവസരം കൂടിയാണ് മഹീന്ദ്ര ഒരുക്കുന്നത്. പ്രീബുക്ക് ചെയ്തവർക്ക് എക്സ്‌യുവി 7എക്സ്ഒയുടെ വിതരണം 14ന് തന്നെ ആരംഭിച്ചു. ജനുവരി 26 മുതൽ എക്സ്ഇവി 9എസിന്റെ വിതരണം ആരംഭിക്കും.

## കാഴ്ചയുടെ 15 വർഷങ്ങൾ സമ്മാനിച്ച് എച്ച്എൽഎൽ ഒപ്റ്റിക്കൽസ്

**കൊച്ചി:** കേന്ദ്ര ആരോഗ്യ കുടുംബക്ഷേമ മന്ത്രാലയത്തിന് കീഴിലുള്ള മിനി രത്ന സ്ഥാപനമായ എച്ച്എൽഎൽ ലൈഫ്കെയർ ലിമിറ്റഡ് നടത്തുന്ന എച്ച്എൽഎൽ ഒപ്റ്റിക്കൽസ് കുറഞ്ഞ വിലയിൽ മികച്ച ബ്രാൻഡുകളുടെ പ്രീമിയം കണ്ണടകൾ സാധാരണക്കാർക്ക് ലഭ്യമാക്കുമെന്ന് അധികൃതർ വ്യക്തമാക്കി. സാധാരണക്കാർ ചികിത്സ തേടിയെത്തുന്ന ജനറൽ ആശുപത്രി, മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലാണ് എച്ച്എൽഎൽ ഒപ്റ്റിക്കൽസ് ഔട്ട്ലെറ്റുകൾ സ്ഥാപിച്ചിട്ടുള്ളത്. 2011 ഒക്ടോബറിൽ തുടങ്ങിയ സ്ഥാപനത്തിന്റെ തുടക്കം മുതൽ ഇതുവരെ വിപണിവിലയിൽ നിന്നും 40 ശതമാനം വിലക്കുറവിലാണ് കണ്ണടകൾ വിൽക്കുന്നത്. 200 രൂപ മുതൽ 15000 രൂപ വരെ വില വരുന്ന ഫ്രെയിമുകളും 330 രൂപ മുതൽ 30000 വിലയുള്ള ലെൻസുകളും ഇവിടെ നിന്നും വാങ്ങാനാകും. ഇതിൽത്തന്നെ 0 മുതൽ മൈനസ് 2 വരെ പവർ വരുന്ന സാധാരണ ലെൻസുകൾ 860 രൂപയാണ്. ഡേ ആൻഡ് നൈറ്റ്, യുവി പ്രൊട്ടക്ഷൻ ഉള്ള ലെൻസുകൾക്ക് വെറും 3500 രൂപയുമാണ് എച്ച്എൽഎൽ ഒപ്റ്റിക്കൽസിൽ ഈടാക്കുന്നത്. 850 രൂപ മുതൽ 2000 വരെയുള്ള സൺഗ്ലാസുകളും ഇവിടെ ലഭ്യമാണ്. തിരുവനന്തപുരം, ആലപ്പുഴ, എറണാകുളം, തൃശൂർ, കോഴിക്കോട്, കണ്ണൂർ ജില്ലകളിലാണ് നിലവിൽ എച്ച്എൽഎൽ ഒപ്റ്റിക്കൽസ് പ്രവർത്തിക്കുന്നത്. കേരളത്തിൽ ഈ മാതൃക വിജയിച്ചതോടെ മറ്റ് സംസ്ഥാനങ്ങളും എച്ച്എൽഎൽ ഒപ്റ്റിക്കൽസിന്റെ സേവനം ആവശ്യപ്പെട്ട് മുന്നോട്ട് വന്നിരുന്നു. തുടർന്ന് ഡൽഹി, മുംബൈ, ചെന്നൈ, ഹൈദരാബാദ്, ബെഗളൂരു തുടങ്ങിയ ഇടങ്ങളിലേക്കും എച്ച്എൽഎൽ ഒപ്റ്റിക്കൽസിന്റെ സേവനം വ്യാപിപ്പിച്ചിട്ടുണ്ട്.

## സി.ഡി.ബി. അവാർഡിനുള്ള അപേക്ഷ തിയ്യതി നീട്ടി

**കൊച്ചി:** നാളികേര വികസന ബോർഡിന്റെ വിവിധ അവാർഡുകൾക്കുള്ള എൻട്രികൾ സ്വീകരിക്കുന്നതിനുള്ള തിയ്യതി 2026 ജനുവരി 25 വരെ നീട്ടി. അപേക്ഷകളും എൻട്രികളും ഓൺലൈനായി സമർപ്പിക്കേണ്ടതാണ്. രാജ്യത്തെ പരമ്പരാഗതമായി തെങ്ങു കൃഷി ചെയ്യുന്ന് സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, പരമ്പരാഗതമായി തെങ്ങു കൃഷി ഇല്ലാത്ത സംസ്ഥാനങ്ങളിലെ മികച്ച നാളികേര കർഷകൻ, മികച്ച നാളികേര സംസ്കരണ സംരംഭകൻ, മികച്ച നാളികേര വിജ്ഞാന വ്യാപന ഉദ്യോഗസ്ഥൻ, മികച്ച തെങ്ങ് കയറ്റക്കാരൻ, സ്ത്രീകളുടെ ഉടമസ്ഥതയിലുള്ള മികച്ച നാളികേര സംസ്കരണ യൂണിറ്റ് എന്നിങ്ങനെ ആറു വിഭാഗങ്ങളിലായയാണ് അവാർഡ് നൽകുക. നാളികേര കൃഷിയുടെയും വ്യവസായത്തിന്റയും മേഖലകളിൽ മികച്ച സംഭാവനകൾ നൽകുന്ന പ്രതിഭകളെ പുരസ്കാരം നൽകി ആദരിക്കുക എന്നതാണ് അവാർഡു വിതരണത്തിലൂടെ ബോർഡ് ലക്ഷ്യമാക്കുന്നത് https://coconutboard.gov.in/CDBNationalAward_2022-24.htm എന്ന വിലാസത്തിൽ അപേക്ഷകൾ ഓൺലൈനായി സമർപ്പിക്കാം. അപേക്ഷ സമർപ്പിക്കാനുള്ള അവസാന തീയതി 2026 ജനുവരി 25 ആണ്. കൂടുതൽ വിവരങ്ങൾക്ക് ബോർഡിന്റെ വെബ്സൈറ്റായ www.coconutboard.gov.in സന്ദർശിക്കാവുന്നതാണ്.



# വെള്ളത്തിൽ ലയിക്കുന്ന വളങ്ങളുടെ നിർമ്മാണം: പൈലറ്റ് പ്ലാന്റ് ഉദ്ഘാടനം ചെയ്തു

**നാഗ്പൂർ:** വെള്ളത്തിൽ ലയിക്കുന്ന വളങ്ങൾ നിർമ്മിക്കുന്ന നാഗ്പൂരിലെ പൈലറ്റ് പ്ലാന്റിന്റെ ഒന്നാം ഘട്ട ഉദ്ഘാടനം ജവഹർലാൽ നെഹ്റു അലുമിനിയം റിസർച്ച് ഡെവലപ്മെന്റ് ആൻഡ് ഡിസൈൻ കേന്ദ്രം (ജെഎൻഎആർഡിഡിസി) ഡയറക്ടർ ഡോ. അനുപം അഗ്നിഹോത്രി നിർവഹിച്ചു. ചൈന ആഗോളതലത്തിൽ സ്പെഷ്യാലിറ്റി ഫോസ്ഫേറ്റ് വളങ്ങളുടെ കയറ്റുമതിക്കുള്ള നിയന്ത്രണങ്ങൾ ആറ് മാസത്തേക്ക് കൂടി നീട്ടിയ സാഹചര്യത്തിലാണ് രാജ്യത്ത് പുതിയ പ്ലാന്റിന്റെ നിർമ്മാണം റെക്കോർഡ് വേഗത്തിൽ പൂർത്തിയായിരിക്കുന്നത്. ജെഎൻഎആർഡിഡിസിയുടെ ധനസഹായത്തോടെ നടന്ന ഗവേഷണത്തിന്റെ പിന്തുണയോടെ, ലക്ഷ്യമിട്ടതിന് ഏകദേശം ഒരു മാസം മുമ്പേ നിർമ്മാണം പൂർത്തിയാക്കിയ പൈലറ്റ് പ്ലാന്റിന്റെ കമ്മീഷൻ ചെയ്യുന്നത് സ്പെഷ്യാലിറ്റിയിലും മൂല്യവർദ്ധിത വളം ഉൽപാദനത്തിലും രാജ്യത്തിന്റെ തദ്ദേശീയ കഴിവുകൾ ശക്തിപ്പെടുത്തുന്നതിൽ ഒരു സുപ്രധാന നാഴികക്കല്ലാണ്. നിലവിൽ എല്ലാ വർഷവും രാജ്യത്തേക്ക് ഇറക്കുമതി ചെയ്യുന്ന എല്ലാ പ്രധാനപ്പെട്ട വെള്ളത്തിൽ ലയിക്കുന്ന വളങ്ങളുടെയും ആഭ്യന്തര ഉൽപ്പാദനം ഈ പ്ലാന്റ് നിർവഹിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഖനി മന്ത്രാലയത്തിന് കീഴിലുള്ള നോഡൽ ഏജൻസിയായ ജെഎൻഎആർഡിഡിസി, നിർണായക ധാതുക്കൾ ഉൾപ്പെടെ ഒന്നിലധികം തന്ത്രപരമായ മേഖലകളിൽ തദ്ദേശീയ ഗവേഷണത്തിനും വികസനത്തിനും നേതൃത്വം നൽകുകയും ധനസഹായം നൽകുകയും ചെയ്യുന്നു. ഇഷിത ഇന്റർനാഷണൽ വികസിപ്പിച്ചെടുത്ത സ്പെഷ്യാലിറ്റി വെള്ളത്തിൽ ലയിക്കുന്ന വളങ്ങൾ ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഹരിത സാങ്കേതികവിദ്യയ്ക്ക് ഏപ്രിലിൽ ജെഎൻഎആർഡിഡിസിയുടെ പിന്തുണ ലഭിച്ചതോടെ നിർമ്മാണം റെക്കോർഡ് വേഗത്തിൽ പൂർത്തിയാകുകയായിരുന്നു.

# യുപിഐ പേയ്മെന്റ്: എൻബിഎസ്എൽ–കാനറ ബാങ്ക് സഹകരണം

**തിരുവനന്തപുരം:** കാനറ ബാങ്കിന്റെ പേയ്മെന്റ് ആപ്ലിക്കേഷനായ കാനറ എഐ1പിഇയിൽ യുപിഐ അടിസ്ഥാനമാക്കിയുള്ള ഡിജിറ്റൽ പേയ്മെന്റുകൾ പ്രാപ്തമാക്കുന്നതിന് എൻപിസിഐ ഭീം സർവീസസ് ലിമിറ്റഡ് (എൻബിഎസ്എൽ) കാനറ ബാങ്കുമായി ധാരണയിലെത്തി. ഇത് കാനറ ബാങ്ക് ഉപഭോക്താക്കൾക്കും ഉപഭോക്താക്കൾ അല്ലാത്തവർക്കും കൂടുതൽ സുരക്ഷിതമായ പണമിടപാടുകൾ സാധ്യമാക്കുമെന്ന് എൻബിഎസ്എൽ അധികൃതർ അറിയിച്ചു.

നടന്നുകൊണ്ടിരിക്കുന്ന യുപിഐ ലോഞ്ചുകളുടെ ഭാഗമായി ഭീം പേയ്മെന്റ് ആപ്പ് ഉപയോഗിച്ചുള്ള ഏറ്റവും പുതിയ യുപിഐ പ്രവർത്തനങ്ങളിലേക്കും ഫീച്ചർ അപ്ഗ്രേഡുകളിലേക്കും കാനറ ബാങ്കിന് പുതിയ സഹകരണത്തിലൂടെ, പ്രവേശനം ലഭിക്കും. സ്വതന്ത്ര യുപിഐ ഇന്റർഫേസ് വികസിപ്പിക്കുന്നതിലും പരിപാലിക്കുന്നതിലും പതിവായി അപ്ഗ്രേഡ് ചെയ്യുന്നതിനും ആവശ്യമായ ചെലവുകളും മറ്റും കുറയ്ക്കാൻ ബാങ്കിനെ സഹായിക്കുന്നതായും എൻബിഎസ്എൽ അറിയിച്ചു. എൻബിഎസ്എൽ കാനറ ബാങ്കിന് പിന്നാലെ ഈ സേവനം ലഭ്യമാക്കാൻ മറ്റ് ബാങ്കുകളുമായും ചർച്ച നടത്തിവരികയാണെന്ന് എൻബിഎസ്എൽ എംഡിയും സിഇഒയുമായ ലളിത നടരാജ് പറഞ്ഞു. വിശ്വസ്തവും നവീനവുമായ സാങ്കേതികവിദ്യയിലൂടെ യുപിഐ സേവനങ്ങളുടെ വിതരണം ശക്തിപ്പെടുത്തുന്നതിനുള്ള ശ്രമങ്ങൾക്ക് പുതിയ സഹകരണം വഴിവയ്ക്കുമെന്നും അവർ പറഞ്ഞു.



# ടിക്കറ്റ് നിരക്കിൽ ഇളവുകൾ പ്രഖ്യാപിച്ച് ഇൻഡിഗോ

**കൊച്ചി:** ടിക്കറ്റ് നിരക്കിൽ ഇളവുകൾ പ്രഖ്യാപിച്ച് ഇന്ത്യയുടെ മുൻനിര വിമാനക്കമ്പനിയായ ഇൻഡിഗോ. 'സെയിൽ ഇൻ ടു 2026' എന്ന പേരിൽ അവതരിപ്പിച്ച ന്യൂ ഇയർ സെയിലിൽ, 1,499 രൂപ മുതൽ ആഭ്യന്തര യാത്രകളും 4,499 രൂപ മുതൽ രാജ്യാന്തര യാത്രകളും നടത്താം. മറ്റു സേവനങ്ങൾക്കും ആകർഷകമായ ഇളവുണ്ട്. ജനുവരി 13 മുതൽ 16 വരെയാണ് സെയിൽ. ജനുവരി 20 മുതൽ ഏപ്രിൽ 30 വരെയുള്ള യാത്രകൾക്ക് ഈ ഓഫർ ഉപയോഗപ്പെടുത്താം. യാത്രാ തീയതിക്ക് ഏഴു ദിവസം മുൻപു വരെ ബുക്ക് ചെയ്താലേ ഇളവ് ലഭിക്കൂ. എല്ലാ ബുക്കിംഗ് ചാനലുകളിലൂടെയും ഈ ഓഫർ പ്രയോജനപ്പെടുത്താമെന്ന് കമ്പനി അധികൃതർ വ്യക്തമാക്കി. തിരഞ്ഞെടുത്ത ആഭ്യന്തര റൂട്ടുകളിൽ ഇൻഡിഗോ സ്ട്രെച്ച് (IndiGo Stretch) നിരക്കുകൾ 9,999 രൂപ മുതൽ ആരംഭിക്കും. പ്രത്യേക നിരക്കുകൾക്കൊപ്പം, ബുക്കിങ് കാലയളവിൽ, തിരഞ്ഞെടുത്ത അനുബന്ധ സേവനങ്ങൾക്ക് ആകർഷകമായ ഇളവുകളുമുണ്ടാകും. ഫാസ്റ്റ് ഫോർവേഡ് സേവനങ്ങൾ ഉൾപ്പെടെ തിരഞ്ഞെടുത്ത 6E ആഡ്ഓണുകളിൽ 70% വരെ ഇളവ്, പ്രീപെയ്ഡ് എക്സസ് ബാഗേജിൽ 50% വരെ ഇളവ്, തിരഞ്ഞെടുത്ത ദേശീയ, അന്തർദേശീയ റൂട്ടുകളിൽ സ്റ്റാൻഡേർഡ് സീറ്റ് സെലക്ഷനിൽ 15% വരെ ഇളവ് എന്നിവ ലഭിക്കും.

തിരഞ്ഞെടുത്ത ആഭ്യന്തര റൂട്ടുകളിൽ എമർജൻസി XL(എക്സ്ട്രാ ലെഗ്റൂം) സീറ്റുകൾ 500 രൂപ മുതൽ ലഭ്യമാണ്. കൂടാതെ, ഇൻഡിഗോയുടെ നേരിട്ടുള്ള ചാനലുകളിലൂടെ ബുക്ക് ചെയ്താൽ 24 മാസം വരെ പ്രായമുള്ള കുഞ്ഞങ്ങൾക്ക് ആഭ്യന്തര റൂട്ടുകളിൽ വെറും ഒരു രൂപയ്ക്ക് യാത്ര ചെയ്യാം. ഇൻഡിഗോ വെബ്സൈറ്റ്, മൊബൈൽ ആപ്പ്, എഐ പവേഡ് അസിസ്റ്റന്റ്, +91 70651 45858 എന്ന നമ്പറിലുള്ള ഇൻഡിഗോ വാട്സ്ആപ്പ് എന്നിവയിലൂടെയും തിരഞ്ഞെടുത്ത ട്രാവൽ പാർട്ണർ വെബ്സൈറ്റുകളിലൂടെയും ആപ്പുകൾ വഴിയും ടിക്കറ്റ് ബുക്ക് ചെയ്യാം.

